# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചേരാനെല്ലൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: നം.കെ.എസ്.എ.ഇ.കെ.എം(പി-10)1237/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 10/10/2023
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചേരാനെല്ലൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചേരാനെല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചേരാനെല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: നം.കെ.എസ്.എ.ഇ.കെ.എം(പി-10)1237/2023 തീയ്യതി: 10/10/2023

## എറണാകുളം ജില്ലയിലെ ചേരാനെല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ചേരാനെല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 43 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ബിന്ദു എസ് നായർ | ഡെപ്യൂട്ടി ഡയറക്ടർ | 10-07-2023 | 19-07-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 10-07-2023 | 19-07-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ധീരജ് ജെ., ഓഡിറ്റ് ഓഫീസർ
ഷൈനി പി. എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
കവിത എസ്. കണ്ണൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ടിനു കെ ജെ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രാജേഷ് കെ ജി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| വി പി ഉണ്ണികൃഷ്ണൻ | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ.ജിൻസ ജോർജ്ജ് | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ഡോ.സിജി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 13-06-2022 |
| ഡോ.അമ്പിളി കെ എസ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 14-06-2022 | 31-03-2023 |
| ഡോ.നിത എം | മെഡിക്കൽ ഓഫീസർ(എസ് സി ഹോമിയോ ഡിസ്പെൻസറി) | 01-04-2022 | 31-03-2023 |
| ഡോ.ജിനു ആനി ജോസ് | മെഡിക്കൽ ഓഫീസർ (FHC) | 01-04-2022 | 26-12-2022 |
| ഡോ.സുധീഷ് | മെഡിക്കൽ ഓഫീസർ (FHC) | 27-12-2022 | 31-03-2023 |
| ഷഹന എം | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ഷൈമ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ഫെമിന പി വൈ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| പുഷ്യ രാജൻ | കൃഷി ഓഫീസർ | 01-04-2022 | 31-07-2022 |
| ഷൈജ കെ എസ് | കൃഷി ഓഫീസർ | 01-08-2022 | 31-03-2023 |
| ഡോ.സൗമ്യ രമേഷ് | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2022 | 30-06-2022 |
| ഡോ. സിന്ധു | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-07-2022 | 31-03-2023 |
| മനു ടി പി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| സ്മിത | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ബീന ടി.കെ. | ഹെഡ്മിസ്ട്രസ് | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല. | 1-1-1 |
| 3 | വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | വികസനഫണ്ട് വിനിയോഗം പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | ധനകാര്യക്കമ്മീഷൻ ഗ്രാന്റ് വിനിയോഗം പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | സംശയാസ്പദമായ തുകക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല | 1-1-5 |
| 7 | ലൈഫ് ലോൺ-ബാദ്ധ്യതയുള്ളതിനേക്കാൾ അധികം തുക കുറവ് ചെയ്തു | 1-1-6 |
| 8 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ന്യൂനത | 1-1-7 |
| 9 | വരവ് തെറ്റായ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തു | 1-1-8 |
| 10 | ബജറ്റ് | 1-2 |
| 11 | സാമ്പത്തിക വിശകലനം | 1-3 |
| 12 | ഗ്രാന്റ് വിനിയോഗം | 1-4 |
| 13 | പദ്ധതി അവലോകനം | 1-5 |
| 14 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 15 | ക്ഷേമ പദ്ധതികൾ | 1-7 |
| 16 | ക്യാഷ് വേരിഫിക്കേഷൻ | 1-8 |
| 17 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 18 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 19 | ലേലതുക ഈടാക്കിയില്ല. | 1-11 |
| 20 | നിയമാനുസൃതമല്ലാത്ത കെട്ടിടനിർമ്മാണം നടത്തി പ്രവർത്തിക്കുന്നു. | 1-12 |
| 21 | വാണിജ്യ കെട്ടിടങ്ങൾക്ക് തെറ്റായ ഉപയോഗക്രമം നൽകി വസ്തുനികുതി നിർണ്ണയിച്ചു. | 1-13 |
| 22 | നിലവിലുണ്ടായിരുന്ന വാണിജ്യ കെട്ടിടത്തിന്റെ വസ്തുനികുതി തെറ്റായി നിർണ്ണയിച്ച് ഈടാക്കുന്നു. | 1-14 |
| 23 | ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയില്ല. | 1-15 |
| 24 | കരാർ ഇല്ലാതെ കടമുറികൾ വാടകക്ക് നൽകുന്നു. | 1-16 |
| 25 | കടമുറികളുടെ വാടക ഈടാക്കിയില്ല. | 1-17 |
| 26 | Restoration Charges For Road Cutting - രേഖകൾ ലഭ്യമായില്ല | 1-18 |
| 27 | മരുന്നും അനുബന്ധ സാധനങ്ങളും ലഭ്യമാക്കാൻ അവശേഷിക്കുന്നു | 1-19 |
| 28 | തൊഴിലുറപ്പ് പദ്ധതി- അപാകതകൾ | 1-20 |

| | | |
|---|---|---|
| 29 | തനത് ഫണ്ട് വൗച്ചർ പരിശോധന - അപാകതകൾ | 1-21 |
| 30 | ഡയാലിസിസ് യൂണിറ്റ്-ജീവനക്കാർക്ക് വേതനം-അപാകതകൾ | 1-22 |
| 31 | ഓണം അഡ്വാൻസ് ക്രമീകരിക്കാൻ അവശേഷിക്കുന്നു | 1-23 |
| 32 | വെള്ളക്കരവും കുടിവെള്ളവിതരണവും - ലക്ഷങ്ങൾ ചെലവഴിച്ചിട്ടും ജലദൗർലഭ്യം | 1-24 |
| 33 | എസ്.സി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ- അവശ്യരേഖകളില്ലാതെ ആനുകൂല്യം നൽകി | 1-25 |
| 34 | എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്-പൂർണമായും വിതരണം ചെയ്തില്ല | 1-26 |
| 35 | കൊറുങ്കോട്ട ചങ്ങാടം-ലൈസൻസും ഫിറ്റ്നസും ഹാജരാക്കിയില്ല | 1-27 |
| 36 | മരങ്ങൾ മുറിച്ചത് - ലേലം ചെയ്തില്ല | 1-28 |
| 37 | അധിക നിരക്കിൽ വേതനം അനുവദിച്ചു | 1-29 |
| 38 | എം ജി എൻ ആർ ഇ ജി എസ് പ്രവൃത്തികളുടെ നിരക്ക് അപാകത | 1-30 |
| 39 | സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി- അധിക ധനസഹായം നൽകി | 1-31 |
| 40 | ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകി | 1-32 |
| 41 | ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്നുവാങ്ങൽ പദ്ധതിപ്രകാരമുള്ള മരുന്നുകൾ ലഭ്യമായിട്ടില്ല | 1-33 |
| 42 | വിവിധ പദ്ധതികളുടെ വിനിയോഗവിവരങ്ങൾ ലഭ്യമാക്കിയില്ല | 1-34 |
| 43 | വാഹനം ലഭിച്ചില്ല, പദ്ധതി പ്രായോഗികമായിട്ടില്ല | 1-35 |
| 44 | മാലിന്യ സംസ്കരണം യൂസർഫീ നൽകൽ - ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ ന്യൂനതകൾ | 1-36 |
| 45 | കാലിത്തീറ്റ വിതരണ പദ്ധതി നിർവ്വഹണത്തിലെ ന്യൂനതകൾ | 1-37 |
| 46 | പൊതുസ്ഥലങ്ങളിൽ ബോർഡ് സ്ഥാപിക്കൽ - സ്ഥാപിച്ചതിന്റെ വിശദാംശങ്ങൾ ഇല്ല | 1-38 |
| 47 | ഡയാലിസിസ് യൂണിറ്റ് നാളിതുവരെ പ്രവർത്തനമാരംഭിച്ചില്ല | 1-39 |
| 48 | വിദ്യാഭ്യാസ അവാർഡ് ദാനം - പദ്ധതി നിർവ്വഹണത്തിൽ അപാകത | 1-40 |
| 49 | പൊതു സ്ഥലങ്ങളിൽ ക്യാമറ സ്ഥാപിക്കൽ - പദ്ധതി ഉപേക്ഷിച്ചതിനാൽ പി.ഡബ്ല്യു.ഡിയിൽ നിക്ഷേപിച്ച പണം തിരികെ ലഭ്യമാക്കണം | 1-41 |
| 50 | ടെലിഫിലിം നിർമ്മാണ പദ്ധതി - നടപടിക്രമത്തിൽ അപാകത | 1-42 |
| 51 | മരുന്നിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയില്ല | 1-43 |
| 52 | മത്സ്യബന്ധന വള്ളവും വലയും നൽകുന്ന പദ്ധതി - പദ്ധതി നിർവ്വഹണത്തിൽ അപാകത. | 1-44 |
| 53 | സ്മാർട് ഗാർബാജ് സിസ്റ്റം പദ്ധതി- വിശദാംശങ്ങൾ ലഭ്യമല്ല . | 1-45 |
| 54 | റൂഫിങ്ങ് ഷീറ്റ് - പ്രവൃത്തി നിർവ്വഹണത്തിൽ കണ്ട ന്യൂനതകൾ | 1-46 |

| | | |
|---|---|---|
| 55 | കണ്ണംകുളം ക്ഷേത്രക്കുളം പുനരുദ്ധാരണ പദ്ധതി നിർവ്വഹണത്തിൽ ന്യൂനതകൾ. | 1-47 |
| 56 | എസ്.എസ്.കെ. പദ്ധതി - വിനിയോഗ വിവരങ്ങൾ ലഭ്യമായിട്ടില്ല. | 1-48 |
| 57 | വിനിയോഗ വിവരം (ഐ.കെ.എം) ലഭ്യമാക്കിയിട്ടില്ല. | 1-49 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | സ്റ്റുഡന്റ് പോലീസ് കേഡറ്റ് -അധിക ധനസഹായം | 3-1 |
| 2 | ദിവസവേതന വ്യവസ്ഥയിൽ നിയമിതനായ ഓവർസിയർക്ക് അധിക നിരക്കിൽ വേതനം അനുവദിച്ചു | 3-2 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | ചാർജ് – സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് ചേരാനല്ലൂർ ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 30.06.2023 ലെ 1/1 നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 01.07.2023 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ചേരാനല്ലൂർ ഗ്രാമ പഞ്ചായത്തിന്റെ മാർച്ച്, 2023 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: കാക്കനാട്, എറണാകുളം

തീയതി: 10/10/2023 ഡെപ്യൂട്ടി ഡയറക്ടർ

## 1-1-1 അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല.

കേരള പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്) പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-2 വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല

വസ്തുനികുതിയുടെ സഞ്ചയയിലെ ഡിമാന്റ്-കളക്ഷൻ-ബാലൻസ് കണക്കുകൾ വാർഷികകണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

## 1-1-3 വികസനഫണ്ട് വിനിയോഗം പൊരുത്തപ്പെടുന്നില്ല

വികസന ഫണ്ട് (ജനറൽ)-ഗ്രാന്റിന്റെ ചെലവ് എ.സി.ആർ, സുലേഖ ചെലവ് പത്രിക, വാർഷികകണക്ക് എന്നിവയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു. I-6 മായുള്ള വ്യത്യാസം 659769/-രൂപ. ചെലവ് പത്രികയുമായുള്ള വ്യത്യാസം-80281/-രൂപ.

## 1-1-4 ധനകാര്യക്കമ്മീഷൻ ഗ്രാന്റ് വിനിയോഗം പൊരുത്തപ്പെടുന്നില്ല

ധനകാര്യകമ്മീഷൻ ഗ്രാന്റുകളുടെ വിനിയോഗം-സുലേഖ ചെലവ് പത്രികയിലേയും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലേയും തുകയും (₹8680373/-) വാർഷികകണക്കിലെ തുകയും (₹8661441/-) തമ്മിൽ പൊരുത്തപ്പെടുന്നില്ല. ₹18932/-ന്റെ വ്യത്യാസം കാണുന്നു.

### 1-1-5 സംശയാസ്പദമായ തുകയ്ക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വാടകയിനത്തിൽ 167358/-രൂപയും മാർക്കറ്റ് റസീപ്റ്റ്സ് ഇനത്തിൽ 158506/-രൂപയും കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി നികുതിയേതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം58(4)എച്ച്) എന്നിവ പ്രകാരം സംശയാസ്പാദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

### 1-1-6 ലൈഫ് ലോൺ-ബാദ്ധ്യതയുള്ളതിനേക്കാൾ അധികം തുക കുറവ് ചെയ്തു

ലൈഫ് ഭവനപദ്ധതിക്കായുള്ള ലോൺ തുകയുടെ മുതൽ ഇനത്തിൽ വർഷാരംഭത്തിൽ തിരിച്ചടക്കുവാൻ ബാക്കിയുണ്ടായിരുന്ന തുക ₹199598/- ആണ് (ഹെഡ്-330500201) ഓഡിറ്റ് വർഷത്തിൽ ഗ്രാമപഞ്ചായത്ത് ഈ പദ്ധതിക്കായി ലോൺ എടുത്തിട്ടില്ല. എന്നാൽ ഈയിനത്തിൽ തിരിച്ചടക്കുവാനുള്ള മുതൽ ഇനത്തിൽ വികസനഫണ്ടിൽ നിന്നും കൂടുതൽ തുക ഉത്ഭവത്തിൽ കുറവ് ചെയ്തിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| വർഷാരംഭത്തിൽ തിരിച്ചടക്കുവാൻ ബാക്കിയുള്ള തുക | | | ₹199598 |
| തൻവർഷത്തെ ലോൺ തുക | | | 0 |
| തൻവർഷം ആകെ തിരിച്ചടക്കുവാൻ ബാക്കിയുള്ള തുക | | | ₹199598 |
| തിരിച്ചടവ് : ഉത്ഭവത്തിൽ കുറവ് ചെയ്ത തുക | | | |
| ജി.ഒ.പ്രോജക്റ്റ്.നം. | ഗ്രാന്റ് ഇനം | തുക | |
| എസ്.0227/23 | എസ്.സി.പി | ₹98006 | |
| എസ്.0214/23 | എസ്.സി.പി | ₹98007 | ₹529045 |
| എസ്.213/23 | പൊതുവിഭാഗം | ₹166516 | |
| എസ്.225/23 | പൊതുവിഭാഗം | ₹166516 | |
| ആകെ | | | |
| ബാദ്ധ്യതയുള്ളതിലും അധികമായി കുറവ് ചെയ്ത തുക | | | ₹329447 |

ഈ തുക തിരികെ ലഭിക്കുവാൻ ഗ്രാമപഞ്ചായത്ത് നടപടികൾ ഒന്നും തന്നെ സ്വീകരിച്ചിട്ടുള്ളതായി കാണുന്നില്ല (എൻക്വയറി.നം-2/10.07.23) വികസനഫണ്ടിൽ നിന്നും ഉത്ഭവത്തിൽ തുക അധികമായി കുറവ് ചെയ്തതിനാൽ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ടിയിരുന്ന വികസന ഫണ്ടിൽ 3.29 ലക്ഷം രൂപയുടെ കുറവ് ഉണ്ടായിട്ടുണ്ട്. ലോൺ ബാധ്യത അവസാനിച്ചതിനാൽ മേൽ തുക തുടർവർഷം ക്രമീകരിച്ച് ലഭ്യമാകുന്നതുമല്ല. അതിനാൽ സർക്കാരുമായി ബന്ധപ്പെട്ട് തുക തിരികെ ലഭ്യമാകുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

### 1-1-7 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ന്യൂനത

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 1179950/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating + Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 28751447/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിംഗ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

### 1-1-8 വരവ് തെറ്റായ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തു

11220104604/- 18.11.2022 രശീതി പ്രകാരം റഗുലറൈസേഷൻ ഫീ ഇനത്തിൽ ലഭിച്ച 19280/- 140120101–Permit Fee For Building എന്ന ശീർഷകത്തിൽ തെറ്റായി വരവ് വെച്ചിട്ടുണ്ട്. ആയത് ഉചിതമായ വരുമാന ശീർഷകത്തിലേക്ക് മാറ്റി ക്രമീകരിക്കേണ്ടതാണ്.

## 1-2 ബജറ്റ്

സ്ഥാപനത്തിന്റെ 2022-23 വർഷത്തെ ബജറ്റ് 23.03.2022-ാം തീയതിയിൽ നടന്ന സാധാരണ യോഗത്തിലെ 1(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 27.02.2023-ാം തീയതിയിൽ നടന്ന സാധാരണ യോഗത്തിലെ 3 (1)നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

2022-2023 ലെ പുതുക്കിയ ബജറ്റ് പ്രകാരം

| പ്രാരംഭ ബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|
| 2,18,97,461 | 26,68,52,461 | 28,87,49,922 | 28,20,32,711 | 67,17,211 |

ബജറ്റ് പ്രകാരമുള്ള വരവ് -ചെലവും, 2022-23 വാർഷിക ധനകാര്യപ്പത്രികയിലെ റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരമുള്ള വരവ്- ചെലവും തമ്മിൽ ഗണ്യമായ വ്യത്യാസം കാണുന്നു.

| | 2022-23 പുതുക്കിയ ബജറ്റ് പ്രകാരം | 2022-23 വാർഷിക ധനകാര്യപത്രിക (റസീപ്റ്റ് ആന്റ് പേയ്മെന്റ് ) പ്രകാരം | വ്യത്യാസം |
|---|---|---|---|
| വരവ് | 26,68,52,461 | 7,22,23,206 | (-)19,46,29,255 |
| ചെലവ് | 28,20,32,711 | 7,10, 43,256 | (-)21,09,89,455 |

ബജറ്റ് പ്രകാരമുള്ള വരവും, വാർഷിക ധനകാര്യപത്രികയിലെ തൻവർഷ വരവും തമ്മിൽ 19 കോടി രൂപയുടെയും, ബജറ്റ് പ്രകാരമുള്ള ചെലവും, വാർഷിക ധനകാര്യപത്രികയിലെ തൻവർഷ ചെലവും തമ്മിൽ 21 കോടി രൂപയുടെയും വ്യത്യാസമുണ്ട്. റസീപ്റ്റ് ആന്റ് പേയ്മെന്റിൽ ഉൾപ്പെടുത്താത്ത ഗ്രാന്റ് വരവുകൾ കണക്കിലെടുത്താലും വ്യത്യാസം നിലനിൽക്കുന്നുണ്ട്. ബജറ്റ് തയ്യാറാക്കുമ്പോൾ പ്രതീക്ഷിത വരവ് യുക്തിസഹവും, യഥാർത്ഥ്യവുമാകാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2,96,08,133 |
| വരവ് | 7,22,23,206 |
| ആകെ | 10,18,31,339 |
| ചെലവ് | 7,10,43,256 |
| നീക്കിയിരിപ്പ് | 3,07,88,083 |

ഈ പത്രികയിലെ ഗ്രാമപഞ്ചായത്തിന്റെ വരവ് ചെലവുകൾ റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ട് ആധാരമാക്കിയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.ഈ കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഗ്രാന്റുകളുടേയും മറ്റു വരവ് ചെലവുകൾ തുടർ ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്.

*കുറിപ്പ്* – റസീപ്റ്റ് ആന്റ് പേയ്മെന്റ് അടിസ്ഥാനപ്പെടുത്തിയുള്ള വിവരങ്ങളാണ് വിശകലനത്തിൽ ചേർത്തിരിക്കുന്നത് എന്നതിനാൽ ഗ്രാന്റ് തുകകൾ വരവിൽ ഉൾപ്പെട്ടിട്ടില്ല. മറ്റ് ഗ്രാന്റിനങ്ങളിലെ വിശദാംശങ്ങൾ തുടർന്നുള്ള ഖണ്ഡികകളിൽ ചേർത്തിട്ടുണ്ട്.

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് പ്രകാരം വരവ് | ആകെ | ചെലവ് | നീക്കി യിരുപ്പ് | ചെലവഴിക്കാതെ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 21433078 | 21433078 | 21035199* | 0 | 397879 |
| വികസനഫണ്ട്(എസ്.സി.പി) | 0 | 4811987 | 4811987 | 4811987* | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 4237000 | 4237000 | 2885636 | 0 | 1351364 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 0 | 6017000 | 6017000 | 5964604* | 0 | 52396 |
| ധനകാര്യകമ്മീഷൻഗ്രാന്റ് (Tied) ബാങ്ക് | 2495096 | 4100000 | 6595096 | 4979240 | 1615856 | 0 |
| ധനകാര്യകമ്മീഷൻഗ്രാന്റ് (Tied) ട്രഷറി | 0 | 275736 | 275736 | 275736 | - | 0 |
| ധനകാര്യകമ്മീഷൻഗ്രാന്റ് (UnTied) ബാങ്ക് | 1293062 | 2733000+ 147162 | 4173224 | 3682201 | 491023 | 0 |

| | | | | | | |
|---|---|---|---|---|---|---|
| ധനകാര്യകമ്മീഷൻഗ്രാന്റ് (UnTied) ട്രഷറി | 0 | 239932 | 239932 | 239932 | 0 | 0 |
| കേന്ദ്രാവിഷ്കൃതഫണ്ട്- | | | | | | |
| ഐ.സി.ഡി.എസ്<br>- 320 100 121 | 410313 | 1438450 | 1848763 | 863559 | 985204 | |
| ബി.എസ്.യു.പി<br>-320 100 114 | 86393 | 2455 | 88848 | 0 | 88848 | |
| ടോട്ടൽസാനിട്ടേഷൻകാംപെയിൻ- 320 100 115 | 57720 | 0 | 57720 | 0 | 57720 | |
| കുടിവെള്ള വിതരണ പദ്ധതി – 320 100 201 | 40000 | 0 | 40000 | 40000 | 0 | |
| സോളിഡ് വേസ്റ്റ് മാനേജ്മെന്റ് – 320 200 304 | 522236 | 0 | 522236 | 0 | 522236* | |
| സംസ്ഥാനാവിഷ്കൃതഫണ്ട് | | | | | | |
| Rural Housing-<br>320 100 160 | 80000 | 0 | 80000 | 0 | 80000* | |
| ബയോഡൈവേഴ്സിറ്റിബോർഡ്<br>ഫണ്ട്-320 200 307 | 300000 | 0 | 300000 | 300000 | 0 | |
| സാക്ഷരത-320 200 309 | 3510 | 100 | 3610 | 0 | 3610 | |
| പ്രാദേശികവികസന ഫണ്ട്-<br>എം.എൽ.എ- 320 200 316 | 40390 | 0 | 40390 | 40390 | 0 | |
| ശുചിത്വ മിഷൻ ഫണ്ട്-<br>320 200 322 | 581584 | 0 | 581584 | 0 | 581584 | |
| വെറ്ററിനറി സർവീസ് & ആനിമൽ<br>ഹെൽത്ത് -320 100 185 | 450000 | 0 | 450000 | 0 | 450000* | |
| സമ്പൂർണ്ണ ശുചിത്വം –<br>320 300 103 | 248421 | 0 | 248421 | 236300 | 12121 | |
| ആർ.എസ്.ബി.വൈ ഗ്രാന്റ്-<br>320 300 199 | 593902 | 0 | 593902 | 0 | 593902 | |
| സി.എസ്.ആർ ഫണ്ട്-<br>ബിപിസിഎൽ-320 400 199 | 800470 | 0 | 800470 | 800470 | 0 | |
| ഹെൽത്ത് ഗ്രാന്റ് –<br>320 100 204 | 0 | 178478<br>(175897+2581<br>പലിശ) | 178478 | 0 | 178478 | |
| ഹെൽത്ത് ഗ്രാന്റ് –<br>320 100 202 | 0 | 352654<br>(348178+<br>4476പലിശ) | 352654 | 333852 | 18802 | |
| IHSDP-320 100 122 | 0 | 119267+<br>3389 (പലിശ) | 122656 | 0 | 122656* | |
| മുനിസിപ്പൽ കോർപ്പറേഷൻഫണ്ട്<br>320 700 302-10000000<br>320 700 102-120000 | 0 | 10120000 | 10120000 | 10120000 | 0 | |
| കില-320 100 152 | 0 | 59670 | 59670 | 59670 | 0 | |

കുറിപ്പ്-

1)സോളിഡ് വേസ്റ്റ് മാനേജ്മെന്റ്- മുൻവർഷം 320100203 ഹെഡിലെ നീക്കിയിരുപ്പ് 430179/-രൂപയും 320200319 ഹെഡിലെ നീക്കിയിരുപ്പ് 92057/-രൂപയും ചേർത്താണ് 320200304 എന്ന പുതിയ ഹെഡിൽ 522236/-രൂപ ചേർത്തിട്ടുള്ളത്.
2)IHSDP-മുൻവർഷം ജനകീയഭവനം (കോഡ്-320100299) എന്ന ഹെഡിലുണ്ടായിരുന്ന നീക്കിയിരിപ്പ് തുകയാണ് ഈ ഹെഡിലേയ്ക്ക് മാറ്റിയത്.
3)Rural Housing-മുൻവർഷം പൈക ഗ്രാന്റ് (കോഡ്-320200305) എന്ന ഹെഡിലുണ്ടായിരുന്ന നീക്കിയിരിപ്പ് തുകയാണ് ഈ ഹെഡിലേയ്ക്ക് മാറ്റിയത്. 2021-22 വാർഷികകണക്ക് പ്രകാരം നീക്കിയിരുപ്പ് ₹80000 രൂപയാണ്. എന്നാൽ മുൻ റിപ്പോർട്ടിൽ ₹40000 എന്നാണ് ചേർത്തിട്ടുള്ളത്.
4)വെറ്ററിനറി സർവീസ്-മുൻവർഷം ഫസ്റ്റ് മീൽ (കോഡ്-320200399) എന്ന ഹെഡിൽ തെറ്റായി ചേർത്ത നീക്കിയിരിപ്പ് തുകയാണ് തൻവർഷം ഈ ഹെഡിലേയ്ക്ക് മാറ്റിയത്.
5)വികസന ഫണ്ട് (ജനറൽ)-ഗ്രാന്റിന്റെ ചെലവ് തുക എ.സി.ആർ, സുലേഖ ചെലവ് പത്രിക, വാർഷികകണക്ക് എന്നിവയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു. I-6 മായുള്ള വ്യത്യാസം 659769/-രൂപ. ചെലവ് പത്രികയുമായുള്ള വ്യത്യാസം-80281/-രൂപ. (ജി.ഒ പ്രോജക്ട്-ആകെ തുക 1799245/-രൂപയാണ്. ലൈഫ് വായ്പ-529045/-, അങ്കണവാടി ജീവനക്കാരുടെ വേതനം-1270200/-) വ്യത്യാസം വിശദീകരിച്ചില്ല (എൻക്വയറി.നം-11/13.07.23)
6)വികസന ഫണ്ട് (എസ്.സി.പി)- I-6 മായുള്ള വ്യത്യാസം 90168/-രൂപ.
(വ്യത്യാസം വിശദീകരിച്ചിട്ടില്ല)
7)മെയിന്റനൻസ് ഫണ്ട് നോൺറോഡ്- സുലേഖ പത്രിക പ്രകാരമുള്ള ചെലവ് തുകയുമായി 32550/-രൂപ വ്യത്യാസമുണ്ട്. (പാലിയേറ്റീവ് കെയർ പ്രോജക്ടുമായി (നം-62/22) ബന്ധപ്പെട്ട ടി ചെലവ് ജേർണൽ

മുഖേനയാണ് ചെലവിൽ പെടുത്തിയിട്ടുള്ളത്)
8)ധനകാര്യകമ്മീഷൻഗ്രാന്റ് ടൈഡ്(ബാങ്ക്)-ആകെചെലവ്-4979240/-രൂപ
(2131462-ക്യാപിറ്റൽകോൺട്രിബ്യൂഷൻ+2847778 -റവന്യൂ ചെലവ്)
9)ധനകാര്യകമ്മീഷൻഗ്രാന്റ്.അൺടൈഡ്(ബാങ്ക്)-ആകെചെലവ്-3682201/-രൂപ
(2020140-ക്യാപിറ്റൽ കോൺട്രിബ്യൂഷൻ+1662061-റവന്യൂ ചെലവ്)
10)ധനകാര്യകമ്മീഷൻഗ്രാന്റ്, ഹെൽത്ത് ഗ്രാന്റ് എന്നിവയുടെ എ.സി.ആർ പ്രകാരമുള്ള നീക്കിയിരിപ്പ് നെഗറ്റീവ് ഫിഗറിലാണുള്ളത്. ആയതിന്റെ വിശദീകരണം ലഭ്യമാക്കിയിട്ടില്ല.
11)ഗ്രാന്റ് തുകകൾ RP-7ൽ വരവായി ഉൾപ്പെടുത്താത്തതിനാൽ I-6 പ്രകാരമുള്ള ചെലവും എ.സി.ആറും അടിസ്ഥാനപ്പെടുത്തിയാണ് ഗ്രാന്റുകളുടെ വിനിയോഗവിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളത്.

വിശദീകരണമാവശ്യപ്പെട്ടുള്ള എൻക്വയറിക്ക് (നം-1/13.07.23) മറുപടി നൽകിയിട്ടില്ല. പരാമർശങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും അപാകതകൾ പരിഹരിക്കേണ്ടതുമാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 185 | 125547231 | 96 | 77583086 | 40 | 49 | 51.89% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 1194712 | 1194712 | 651642 | 543070 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 8938358 | 8937358 | 8937358 | 0 |
| ആകെ | 0 | 10132070 | 10132070 | 9589000 | 543070 |

## 1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 1819200 | 1189 |
| വിധവാപെൻഷൻ | 10756600 | 6897 |
| വാർദ്ധക്യകാലപെൻഷൻ | 33847600 | 22328 |
| വികലാംഗപെൻഷൻ | 2641600 | 1689 |
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 654400 | 450 |

## 1-8 ക്യാഷ് വേരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.07.2023 തീയതിയിൽ സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 28284/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഫ്രണ്ട് ഓഫീസ് സംവിധാനം, രസീതുകളുടെ ഉപയോഗം, അപേക്ഷകളിന്മേലുള്ള തീർപ്പ് കൽപ്പിക്കൽ, പരാതി പരിഹാര സംവിധാനം, ജീവനക്കാരുടെ ജോലി വിഭജനം, എന്നീ ഭരണതല സംവിധാനങ്ങൾ മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും ആഭ്യന്തര നിയന്ത്രണം കാര്യക്ഷമമാക്കുന്നതിലേയ്ക്ക് താഴെപ്പറയുന്ന പോരായ്മകൾ കൂടി പരിഹരിക്കേണ്ടതുണ്ട് എന്ന് കാണുന്നു.
എ)പഞ്ചായത്ത് നടപ്പാക്കുന്ന കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം, SC ഫ്ളാറ്റ് നിർമ്മാണം. എന്നീ പദ്ധതികൾ ഈ വർഷവും പൂർത്തീകരിച്ചിട്ടില്ല. പദ്ധതികൾ വിഭാവനം ചെയ്തതുപോലെ യഥാസമയം പൂർത്തീകരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.
ബി)ആസ്തി മൂല്യങ്ങൾ കൃത്യമായി നിർണ്ണയിച്ച് രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
സി)പൊതുടാപ്പുകളുടെ സംയുക്ത പരിശോധന നടത്തി റിപ്പോർട്ട് ലഭ്യമാക്കേണ്ടതും

പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ വിച്ഛേദിച്ച് വെള്ളക്കരമിനത്തിലുള്ള ചെലവ് ക്രമീകരിക്കേണ്ടതുമാണ്.
ഡി)പൊതുടാപ്പുകളുടെ വിശദാംശങ്ങളടങ്ങുന്ന രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.
ഇ)പദ്ധതികളുടെ നിർവ്വഹണം സംബന്ധിച്ച മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 04.05.2022 | 2021-22 | ലഭ്യമായില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20.07.2011 | 2010-2011 വരെ | ലഭ്യമായില്ല |

1-11 ലേലതുക ഈടാക്കിയില്ല.

30-03-2022 ൽ നടന്ന ചിറ്റൂർ - മൂലമ്പിള്ളി കടത്ത് പുനർലേലത്തിൽ ജോർജ്ജ് മെൻഡസ്, കല്ലുച്ചംമുറി, മൂലമ്പിള്ളി എന്നയാളുടെ ഉയർന്ന സീൽഡ് ക്വട്ടേഷൻ തുകയായ 328009/- രൂപക്ക് ലേലം ഉറപ്പിക്കുകയും ആയത് 30-3-2022 ലെ 7/2 നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. 121190107580/30-3-2022 നമ്പർ രസീത് പ്രകാരം 164005/- രൂപയും 1220104914/2-12-2022 പ്രകാരം 82003/- രൂപയും ടിയാൾ അടവാക്കിയിട്ടുണ്ട്. എന്നാൽ അവശേഷിക്കുന്ന 82001/- രൂപ നാളിത് വരെയും ഈടാക്കിയില്ല. ആയത് സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (21/15-7-2023) ഈ തുക അടവാക്കുന്നതിന് ടിയാന് കത്ത് നൽകിയിട്ടുള്ളതാണെന്നും ആയത് അടവാക്കുന്ന മുറക്ക് രേഖകൾ ഹാജരാക്കുന്നതാണ് എന്ന മറുപടി ലഭ്യമാക്കി. ലേല തുക പൂർണ്ണമായി ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

1-12 നിയമാനുസൃതമല്ലാത്ത കെട്ടിടനിർമ്മാണം നടത്തി പ്രവർത്തിക്കുന്നു.

പുതിയ നിർമ്മാണം റഗുലറൈസ് ചെയ്യുന്നതിന് മുഹമ്മദ് സി എ സമർപ്പിച്ച C4/4738/2022 Dated: 26/09/2022 അപേക്ഷയിൽ കണയന്നൂർ താലൂക്ക്, ചേരാനല്ലൂർ വില്ലേജ് സർവ്വേ/റീസർവ്വേ നമ്പർ - S-255/1 R-550/10 ൽ ഉൾപ്പെട്ട ഭൂമിയിൽ വ്യാപാര വാണിജ്യ കെട്ടിടം (964 ചതുരശ്ര മീറ്റർ) 18-11-2022 ലെ പെർമിറ്റ് നമ്പർ C4-BA(360973)/2022 പ്രകാരം റഗുലറൈസ് ചെയ്തിട്ടുണ്ട്. പെർമിറ്റ് ഫയലിൽ കംപ്ലീഷൻ പ്ലാൻ ഇല്ല. സങ്കേതം സോഫ്റ്റ്‌വെയറിൽ അപ് ലോഡ് ചെയ്ത മാപ്പിൽ കെട്ടിടത്തിന്റെ വിസ്തീർണ്ണം 964 ചതുരശ്ര മീറ്റർ ആണ്. ടി കെട്ടിടത്തിന് 4/159/A എന്ന കെട്ടിട നമ്പർ നൽകി 2022 രണ്ടാം അർദ്ധ വർഷം മുതൽ 964 ച.മീ. ന് വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ട്. സ്ഥല പരിശോധനയിൽ ടി കെട്ടിടത്തിന്റെ വിസ്തീർണ്ണം 2554.40 ച.മീ ആണെന്ന് വ്യക്തമായെന്നും ആയതിനാൽ കെട്ടിടത്തിന്റെ ടാക്സ് റിവിഷൻ നടത്താവുന്നതാണെന്നും 25-3-2023 ലെ നോട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 2023 ഒന്നാം അർദ്ധവർഷം മുതൽ ടി കെട്ടിടത്തിന് 2554.40 ച.മീ. തറവിസ്തീർണ്ണത്തിനാണ് വസ്തുനികുതി നിർണ്ണയിച്ചത്. അനുവാദമില്ലാതെ പണിത 1590.4 ച.മീ റഗുലറൈസ് ചെയ്തതായി കാണുന്നില്ല. അനുവാദമില്ലാതെ പണിത ഭാഗത്തിന് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 235 എഎ(1) പ്രകാരമല്ല വസ്തുനികുതി നിർണ്ണയിച്ചത്. 2554.40 ച.മീ യിലുള്ള പുതിയ പ്ലാൻ സമർപ്പിച്ചിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കേണ്ടതാണെന്നും അനുവാദമില്ലാതെ പണിത ടി തറവിസ്തീർണ്ണത്തിലുള്ള കെട്ടിട നിർമ്മാണത്തിനെതിരെ 2019 ലെ കേരള കെട്ടിട നിർമ്മാണ ചട്ടങ്ങൾ, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമങ്ങൾ എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ രേഖകൾ ലഭ്യമാക്കേണ്ടതാണെന്നും സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി(15/-14-7-2023) നൽകിയെങ്കിലും ഇവ ലഭ്യമായില്ല. ലഭ്യമാക്കിയ മറുപടിയിൽ അധിക നിർമ്മാണത്തിന് വസ്തുനികുതി നിർണ്ണയിച്ചെന്നും, ആയത് ടിയാൾ അടവാക്കിയെന്നും, കൂട്ടി ചേർത്തിട്ടുള്ള കെട്ടിടഭാഗമുൾപ്പെടെ പുതിയ പ്ലാൻ പഞ്ചായത്തിൽ സമർപ്പിക്കണമെന്ന് പരിശോധനാ വേളയിൽ ടിയാളോട് ആവശ്യപ്പെട്ടിരുന്നെന്നും, കേരള കെട്ടിട നിർമ്മാണ ചട്ടങ്ങൾ അനധികൃത നിർമ്മാണം ക്രമവത്കരിക്കൽ ഉത്തരവ് പ്രകാരമോ സർക്കാർ നിലവിൽ ഉത്തരവിറക്കിയിരിക്കുന്ന ഫോറം 9 B മുഖാന്തരമോ ക്രമവത്കരിക്കാവുന്നതാണെന്നും ആയത് കെട്ടിട ഉടമസ്ഥനെ കത്ത് മുഖാന്തരം അറിയിക്കുന്നതാണെന്നുമാണ് രേഖപ്പെടുത്തിയത്. 2019 ലെ കേരള കെട്ടിട നിർമ്മാണ ചട്ടങ്ങൾ, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമങ്ങൾ എന്നിവയിലെ വ്യവസ്ഥകൾ പാലിച്ച് ആയത് പ്രകാരം റെഗുലറൈസ് ചെയ്യാവുന്നതാണെങ്കിൽ മാത്രം റെഗുലറൈസ് ചെയ്യേണ്ടതും അല്ലാത്ത പക്ഷം മേൽ ചട്ടങ്ങൾ പ്രകാരം ടി കെട്ടിടത്തിനെതിരെ നടപടി സ്വീകരിക്കേണ്ടതും നിയമാനുസൃതമല്ലാതെ പണിത ഭാഗത്തിന് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 235 എഎ(1) പ്രകാരം കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചിരുന്നെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതിന്റെ രണ്ടിരട്ടി തുകയും ചേർന്നുള്ള തുക കെട്ടിടം പൊളിച്ചുകളയുന്നത് വരെയോ ചട്ടപ്രകാരം റെഗുലറൈസ്

ചെയ്യുന്നത് വരെയോ വസ്തുനികുതി ആയി നിർണ്ണയിക്കേണ്ടതുമാണ്. തുടർനടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-13 വാണിജ്യ കെട്ടിടങ്ങൾക്ക് തെറ്റായ ഉപയോഗക്രമം നൽകി വസ്തുനികുതി നിർണ്ണയിച്ചു.

താഴെ ചേർത്ത കെട്ടിടങ്ങളുടെ തറവിസ്തീർണ്ണം സഞ്ചയ പ്രകാരം 100 ച.മീറ്ററിന് മുകളിലാണ്. എന്നാൽ സഞ്ചയയിൽ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ, എന്ന ഉപയോഗക്രമമാണ് ഇവക്ക് നൽകിയിരിക്കുന്നത്. ഈ ഉപയോഗ ക്രമത്തിലുള്ള കെട്ടിടങ്ങൾക്ക് 30 രൂപ/ച.മീറ്ററും, വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ, എന്ന ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങൾക്ക് 50 രൂപ/ച.മീറ്ററുമാണ് വസ്തുനികുതി നിരക്കായി ചേരാനല്ലൂർ ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിരിക്കുന്നത്. ആയതിനാൽ ഈ കെട്ടിടങ്ങൾക്ക് തെറ്റായ ഉപയോഗക്രമം നൽകിയത് മുഖേന താഴെ ചേർത്ത പ്രകാരം വസ്തുനികുതി നിർണ്ണയിച്ചതിൽ കുറവ് ഉണ്ടായിട്ടുണ്ട്.

| ക്രമ നം | കെട്ടിട നം | ഉടമയുടെ പേര് | തറ വിസ്തീർണ്ണം (ച.മീ) | 30 രൂപ/ച.മീറ്റർ പ്രകാരം ഈടാക്കിയ വസ്തുനികുതി | 50 രൂപ/ച.മീറ്റർ പ്രകാരം ഈടാക്കേണ്ട വസ്തുനികുതി | പ്രതി വർഷം വസ്തു നികുതി കുറവ് | വസ്തുനികുതി നിർണ്ണയിച്ച വർഷം | 2022 രണ്ടാം അർദ്ധ വർഷം വരെ കുറവ് |
|---|---|---|---|---|---|---|---|---|
| 1 | 2/260/H | ജോസി വേട്ടാപറമ്പിൽ, ചേരാനല്ലൂർ | 116.95 | 3508.5 + 701.7 (വഴി സൌകര്യം 20% വർദ്ധനവ്) - 421.02 (ബഹുനില വാണിജ്യാവശ്യത്തിനുള്ള ഇളവ് 10%) = 3790 | 5847.5 + 1169.5 - 701.7 = 6316 | 2526 | 2018 രണ്ടാം അർദ്ധ വർഷം | 11367 |
| 2 | 2/372/E | മുഹമ്മദ് അലി, കളപ്പുരക്കൽ വീട്ടിൽ, ചേരാനല്ലൂർ | 174.96 | 5248.8 + 1049.76 (വഴി സൌകര്യം 20% വർദ്ധനവ്) - 629.9 (ബഹുനില വാണിജ്യാവശ്യത്തിനുള്ള ഇളവ് 10%) = 5669 | 8748 + 1749.6 - 1049.8 = 9448 | 3779 | 2018 ഒന്നാം അർദ്ധ വർഷം | 18895 |
| 3 | 2/539/B | അപർണ കെ കൃഷ്ണകുമാർ, രുഗ്മിണി അമ്മ, ഗോകുൽ, ശ്രീശങ്കരം, ചേരാനല്ലൂർ | 305.29 | 9158.7 + 1831.74 (വഴി സൌകര്യം 20% വർദ്ധനവ്) = 10991 | 15264.5 + 3052.9 = 18318 | 7327 | 2020 ഒന്നാം അർദ്ധ വർഷം | 21981 |
| 4 | 4/318/B | കെ എ അജിത്ത്, ഡോ.ജാസ്മിൻ സിദ്ധിഖ്, കറുകപ്പാടത്ത് ഹൌസ്, ചേരാനല്ലൂർ, | 116.44 | 3493.2 - 349.32 (മേൽക്കൂര 10% ഇളവ്) + 698.64(വഴി സൌകര്യം 20% വർദ്ധനവ്) = 3843 | 5822 - 582.2 + 1164.4 = 6405 | 2562 | 2017 ഒന്നാം അർദ്ധ വർഷം | 15372 |
| 5 | 4/356/B | നന്ദന കണ്ണൻ മൈനർ ഡോട്ടർ ഓഫ് പ്രദീപ് കുമാർ, പ്രദീപ് കുമാർ ടിൽ മെജോറിറ്റി ഓഫ് നന്ദന കണ്ണൻ, വരനേത്ത്, കോട്ടയം | 107.77 | 3233.1 + 646.62(വഴി സൌകര്യം 20% വർദ്ധനവ്) - 193.97(ബഹുനില വാണിജ്യാവശ്യത്തിനുള്ള ഇളവ് 5%) = 3686 | 5389 + 1077 - 323.1 = 6143 | 2457 | 2016 ഒന്നാം അർദ്ധ വർഷം | 17199 |
| ആകെ വസ്തുനികുതി കുറവ് | | | | | | 18651/- | | 84814/- |

മേൽ ചേർത്ത അഞ്ച് കെട്ടിടങ്ങളുടേയും വസ്തുനികുതി നിർണ്ണയ ഫയലുകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണെന്നും, തെറ്റായ ഉപയോഗ ക്രമം നൽകി വസ്തുനികുതി കുറവായി നിർണ്ണയിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നും സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി(നമ്പർ – 1/10-7-2023) നൽകിയെങ്കിലും ടി ഫയലുകളോ മറുപടിയോ ലഭ്യമായില്ല. ഈ കെട്ടിടങ്ങളുടെ വസ്തുനികുതി ശരിയായി നിർണ്ണയിച്ച് സഞ്ചയയിൽ രേഖപ്പെടുത്തി കുറവ് വന്ന തുക കുടിശ്ശിക സഹിതം ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1-14 നിലവിലുണ്ടായിരുന്ന വാണിജ്യ കെട്ടിടത്തിന്റെ വസ്തുനികുതി തെറ്റായി നിർണ്ണയിച്ച് ഈടാക്കുന്നു.

എം.എം.അബ്ദുൾ കരീം, മടത്തുംപടിക്കൽ എന്ന വ്യക്തിയുടെ ഉടമസ്ഥതയിൽ നിലവിലുള്ള 3/391 നമ്പർ കെട്ടിടത്തിന്റെ ARV അടിസ്ഥാനത്തിലുള്ള കെട്ടിടനികുതി 5130/- രൂപയും (എൽ.സി ഇല്ലാതെ) കെട്ടിട നമ്പർ 3/476/A ഉം ആയിരുന്നു. 2013 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 9.4d പ്രകാരം തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വാണിജ്യാവശ്യത്തിനുള്ളതും നിലവിലുള്ളതുമായ ഒരു കെട്ടിടത്തിന്റെ വാർഷിക വസ്തുനികുതി ആദ്യമായി നിശ്ചയിക്കുമ്പോൾ തൊട്ട് മുമ്പ് നിലവിലുണ്ടായിരുന്ന വാർഷിക വസ്തുനികുതിയിൽ വർദ്ധനവ് ഉണ്ടാകുന്നുവെങ്കിൽ അപ്രകാരമുള്ള വർദ്ധനവ് നിലവിലുള്ള വാർഷിക വസ്തുനികുതിയുടെ നൂറ്റി അൻപത് ശതമാനത്തിൽ അധികരിക്കാൻ പാടില്ലാത്തതും ഈ പരിധിക്ക് വിധേയമായി നിലവിലുള്ള പ്രസ്തുത കെട്ടിടത്തിന്റെ വാർഷിക വസ്തുനികുതി നിശ്ചയിക്കേണ്ടതാണ്. തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 27-4-2015 ലെ സ.ഉ.(എം.എസ്)നം.144/15/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ഈ വർദ്ധനവ് 100 ശതമാനത്തിൽ അധികരിക്കാൻ പാടില്ല. മേൽ കെട്ടിടത്തിന്റെ ടി പരിധി = 5130 X 2 = 10260

മേൽ സൂചിപ്പിച്ച കെട്ടിടത്തിന്റെ വസ്തുനികുതി തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിലാണ് നിർണ്ണയിച്ചത്. എന്നാൽ 250 ച.മീ. തറവിസ്തീർണ്ണമുള്ള ടി കെട്ടിടത്തിന് വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ എന്ന ഉപയോഗക്രമം നൽകിയാണ് വസ്തുനികുതി നിർണ്ണയിച്ചത്. ആയതിനാൽ വസ്തുനികുതി നിർണ്ണയത്തിൽ കുറവുണ്ടായിട്ടുണ്ട്.

| 30 രൂപ/ച.മീ പ്രകാരം നിർണ്ണയിച്ചത് | 50 രൂപ/ച.മീ പ്രകാരം നിർണ്ണയിക്കേണ്ടത് |
|---|---|
| 7500 - 750 (മേൽക്കൂര 10% ഇളവ്) - 750 (കാലപ്പഴക്കം 10% ഇളവ്) + 1500 (വഴി സൌകര്യം 20% വർദ്ധനവ്) = 7500 | 12500 - 1250 - 1250 + 2500 = 12500 |

ടി കെട്ടിടത്തിന്റെ വസ്തുനികുതി ശരിയായ ഉപയോഗ ക്രമം നൽകി തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നിർണ്ണയിക്കുമ്പോൾ തൊട്ട് മുമ്പ് നിലവിലുണ്ടായിരുന്ന വാർഷിക വസ്തുനികുതിയുടെ 100% വർദ്ധനവിൽ അധികരിക്കുന്നുണ്ട് (12500 > 10260). ആയതിനാൽ തൊട്ട് മുമ്പ് നിലവിലുണ്ടായിരുന്ന വാർഷിക വസ്തുനികുതിയുടെ 100%വർദ്ധനയായ 10260/- രൂപയായിരുന്നു വസ്തുനികുതി നിർണ്ണയിക്കേണ്ടിയിരുന്നത്. ആയതിന് പകരം തെറ്റായ ഉപയോഗ ക്രമം നൽകി തറവിസ്തീർണ്ണാടിസ്ഥാനത്തിൽ 7500/- രൂപയായി വസ്തുനികുതി നിർണ്ണയിച്ചതിനാൽ പ്രതിവർഷം 2760/- രൂപയുടേയും 2022 രണ്ടാം അർദ്ധവർഷം വരെ 27600/- രൂപയുടേയും വസ്തുനികുതി നഷ്ടം ഉണ്ടായിട്ടുണ്ട്. അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നും, ടി കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയ ഫയലുകൾ (പ്ലാൻ ഉൾപ്പടെ) പരിശോധനക്ക് ലഭ്യമാക്കേണ്ടതാണെന്നും സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി (നമ്പർ –5/11-7-2023) നൽകിയെങ്കിലും മറുപടി ലഭ്യമായില്ല. ടി കെട്ടിടത്തിന്റെ വസ്തുനികുതി ശരിയായി നിർണ്ണയിച്ച് സഞ്ചയയിൽ രേഖപ്പെടുത്തി കുറവ് വന്ന തുക കുടിശ്ശിക സഹിതം ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1-15 ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയില്ല.

ചേരാനല്ലൂർ ഗ്രാമ പഞ്ചായത്തിൽ 2022-2023 സാമ്പത്തിക വർഷം തൊഴിൽനികുതി ഈടാക്കിയത് സംബന്ധിച്ച് അപാകതകൾ താഴെ ചേർക്കുന്നു.

1) പാരാമെഡിക്കൽ ലൈസൻസ് പുതുക്കിയ താഴെ ചേർത്ത പാരാമെഡിക്കൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയില്ല. ഈടാക്കിയതായി തൊഴിൽ നികുതി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ടി സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ലഭ്യമായില്ല.

| ക്രമ നം | പാരാമെഡിക്കൽ രജിസ്ട്രേഷൻ നമ്പർ | സ്ഥാപനത്തിന്റെ പേര് | പാരാമെഡിക്കൽ ലൈസൻസ് അപേക്ഷയിൽ/രജിസ്റ്ററിൽ |
|---|---|---|---|

| | | | |
|---|---|---|---|
| | | | രേഖപ്പെടുത്തിയ ജീവനക്കാരുടെ എണ്ണം |
| 1 | 2/22-23 | ഡോ.വിന്യാ'സ് ഹോമിയോപതിക് ക്ലിനിക്ക്, പള്ളിക്കവല, ചേരാനല്ലൂർ | ഡോക്ടർമാർ = 1 |
| 2 | 9/22-23 | വാളന്തറ ഡെന്റൽ ക്ലിനിക്ക്, മഞ്ഞുമ്മൽ കവല | ഡോക്ടർമാർ = 1<br>മറ്റ് ജീവനക്കാർ = 1 |
| 3 | 10/22-23 | ഡെന്റൽ ഇൻ, ഡെന്റൽ ക്ലിനിക്ക്, സൌത്ത് ചിറ്റൂർ | ഡോക്ടർമാർ = 1 |
| 4 | 11/2022-23 | GUMS & SMILES ഡെന്റൽ ക്ലിനിക്ക് | ഡോക്ടർ = 1<br>മറ്റ് ജീവനക്കാർ = 1 |
| 5 | 12/2022-23 | രാജേഷ് ക്ലിനിക്ക് കച്ചേരിപ്പടി, ചേരാനല്ലൂർ | ഡോക്ടർ = 1<br>മറ്റ് ജീവനക്കാർ = 2 |
| 6 | 13/2022-23 | DIVINE ROSE WOMEN'S CLINIC | ഡോക്ടർ = 1<br>നഴ്സ്മാർ = 2 |
| 7 | 14/2022-23 | ചക്കിയത്ത് ഡെന്റൽ സ്പെഷ്യാലിറ്റീസ് | ഡോക്ടർ = 1<br>മറ്റ് ജീവനക്കാർ = 1 |
| 8 | 15/2022-23 | ഡോ.ഷെയ്ക്ക് അൽത്താഫ്'സ് ഡെന്റൽ കെയർ, തൈക്കാവ് | മറ്റ് ജീവനക്കാർ = 3 |
| 9 | 17/2022-23 | പ്രൈം മെഡിക്കൽ ഡയഗ്നോസ്റ്റിക്സ്, ചേരാനല്ലൂർ | ഡോക്ടർ = 2<br>മറ്റ് ജീവനക്കാർ = 4 |
| 10 | 18/2022-23 | സെന്റ് ആന്റണീസ് ക്ലിനിക്കൽ ലബോറട്ടറീസ്, ചേരാനല്ലൂർ | മറ്റ് ജീവനക്കാർ = 1 |
| 11 | 19/2022-23 | ഋഷി അക്യുപങ്ചർ ക്ലിനിക്ക് | ഡോക്ടർമാർ = 1 |
| 12 | 20/2022-23 | സ്മൈൽ ഡെന്റൽ കെയർ ക്ലിനിക്ക് സൌത്ത് ചിറ്റൂർ | ഡോക്ടർ = 1<br>മറ്റ് ജീവനക്കാർ = 1 |
| 13 | 21/2022-23 | ഡെന്റോ ഫേഷ്യൽ ഡെന്റൽ ക്ലിനിക്ക്, ചേരാനല്ലൂർ | ഡോക്ടർ = 1<br>മറ്റ് ജീവനക്കാർ = 1 |
| 14 | 22/2022-23 | Selil's Academy | ഡോക്ടർ = 1 |

2) F.T.E.O ലൈസൻസ് എടുത്ത താഴെ ചേർത്ത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയില്ല. ഈടാക്കിയതായി തൊഴിൽ നികുതി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ടി സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ലഭ്യമായില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | ലൈസൻസ് രജിസ്റ്ററിൽ ക്രമ നമ്പർ | കെട്ടിട നമ്പർ |
|---|---|---|---|
| 1 | A To Z പാക്കേജിംഗ് & പ്രിന്റിംഗ് പ്രൈവറ്റ് ലിമിറ്റഡ് | 29, 30 | 3/256/A, 3/244-252 |
| 2 | പോത്തൻ ഓട്ടോസ് മഹീന്ദ്ര ഷോറൂം | 257 | 4/4/A, 4/4/B |
| 3 | ലോട്ടസ് ഓട്ടോമോട്ടീവ്സ്, ചേരാനല്ലൂർ | 47 | 4/332/A |
| 4 | ത്രിവേണി ബിൽഡ് വെയർ | 48, 49 | 2/539/B, 539/C, 3/566/A, B, C, E |
| 5 | James Pack PVT LTD | 51 | 12/260 |
| 6 | റൂഫ് കോ ട്രേഡിംഗ് കോ.പ്രൈവറ്റ് ലിമിറ്റഡ് | 85 | 4/491/A |
| 7 | സുപ്രീം എന്റർപ്രൈസസ് | 89 | 11/429/A, 11/429/B |

| | | | |
|---|---|---|---|
| 8 | ട്രോപ്പിക്കൽ ട്രേഡേഴ്സ് | 102 | 4.17/A |
| 9 | CYTOGENIX Pharmaceuticals PVT LTD | 156 | 17/434/E, F |
| 10 | ഹോട്ടൽ ആര്യാസ് | 170 | 3/148/D |
| 11 | Zeke ഹെൽത്ത് കെയർ | 180 | 4/368/A |
| 12 | Annet ഹെൽത്ത് കെയർ | 181 | 4/368/A1 |
| 13 | Uni Agencies | 185, 187 | 1/552/B, 2/302/A |
| 14 | Manakkat Car Club | 207 | 6/17/A |
| 15 | പേൾ ഗ്രാനൈറ്റ് & ടൈൽസ് | 212 | 3/239, 239/A |
| 16 | എം എം എന്റർപ്രൈസസ് | 284 | 1/216/C |
| 17 | രാജലക്ഷ്മി പ്രിന്റേഴ്സ് | 293 | 14/478/D |
| 18 | ബിസ്മി ഹോമിയോപ്പതിക് സ്പെഷ്യാലിറ്റി ക്ലിനിക്ക് | 329 | 4/344/E |
| 19 | SURGIMET ഹെൽത്ത് കെയർ പ്രൊഡക്ട്സ് | 369 | 3/273/C |
| 20 | E YES Motors | 392 | 16/1/A |
| 21 | ബയോ ടെക് മെഡിക്കൽ ലബോറട്ടറി, | 408 | 12/282 |
| 22 | ആവേമരിയ ലോജിസ്റ്റിക് പാക്കേജ് & മൂവേഴ്സ് | 410 | 2/530 |
| 23 | NI Concepts Trading | 429, 430 | 2/12/A, 2/12/B, 2/12/C |
| 24 | Busy Bee Logistics Solutions Pvt Ltd | 439, 440 | 16/292/A, 2/617/B |
| 25 | വി കെ ലാമിനേറ്റ്സ് | 449 | 2/302/E |
| 26 | വെസ്റ്റിജ് മാർക്കറ്റിംഗ് പ്രൈവറ്റ് ലിമിറ്റഡ് | 487 | 2/716 |
| 27 | റോയൽ മോട്ടോഴ്സ് | 479 | 3/34/A |
| 28 | Ideal Trading Company | 552 | 3/273/F |
| 29 | ഇലക്ട്രിക് വീൽസ് | 556 | 7/17 |
| 30 | എംപയർ ഡെന്റൽ കെയർ | 620 | 3/578/C |
| 31 | കൊച്ചിൻ സെക്യൂരിറ്റി പ്രെസ്സ് | 635 | 4/508 |
| 32 | AAMI Prompt Services | 637 | 9/648 |
| 33 | Purnima Distributors | 639 | 12/281/A |
| 34 | CERAMIC WORLD | 651 | 4/159/A |
| 35 | കൃഷ്ണകൃപ കാർഗോ കൊറിയർ | 673 | 2/344/H |
| 36 | കൈരളി കാർസ് പ്രൈവറ്റ് ലിമിറ്റഡ് | 395 | 17/223/B |

3) 2022-2023 സാമ്പത്തിക വർഷം വിവിധ മരാമത്ത് ജോലികൾ ഏറ്റെടുത്ത് നടപ്പാക്കിയ കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയില്ല. ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല.

4) പഞ്ചായത്ത്പരിധിയിൽ പ്രവർത്തിക്കുന്ന ആധാരം എഴുത്ത് സ്ഥാപനങ്ങൾ, കമ്പ്യൂട്ടർ സെന്ററുകൾ, സ്വകാര്യ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ മുതലായവയിൽ നിന്നും തൊഴിൽനികുതി ഈടാക്കിയതായി തൊഴിൽനികുതി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

മേൽ അപാകത സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി(39/19-7-2023) നൽകിയെങ്കിലും മറുപടി ലഭ്യമായില്ല.

മേൽ ചേർത്തവരിൽ നിന്നും ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

1-16 കരാർ ഇല്ലാതെ കടമുറികൾ വാടകക്ക് നൽകുന്നു.

2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിയലും) ചട്ടങ്ങൾ ചട്ടം 7(1) പ്രകാരം വ്യാപാരാവശ്യങ്ങൾക്കായി പഞ്ചായത്തിന് കെട്ടിടങ്ങൾ നിർമ്മിക്കാവുന്നതും നിയമവും ചട്ടങ്ങളും ഈ ആവശ്യത്തിനായി പഞ്ചായത്ത് രൂപീകരിക്കുന്ന ബൈലോയിലെ നിബന്ധനകൾക്കനുസൃതമായി പഞ്ചായത്ത് നിശ്ചയിക്കുന്ന ഫീസ് ഈടാക്കി പൊതുജനങ്ങൾക്ക് ലൈസൻസിന്മേൽ വാടകക്കോ പാട്ടത്തിനോ നൽകാവുന്നതാണ്. ചട്ടം 7(2) പ്രകാരം കെട്ടിടമോ മുറിയോ കൈവശം വയ്ക്കുന്നതിനുള്ള നിബന്ധനകളും ഫീസും തുക ഒടുക്കുന്നതിനുള്ള നടപടി ക്രമവും ലൈസൻസിൽ സൂചിപ്പിക്കേണ്ടതാണ്. ചട്ടത്തിലെ ഫോറം III ലെ നിബന്ധനകൾക്കും അനുസൃതമായി മതിയായ മൂല്യമുള്ള സ്റ്റാമ്പ് പേപ്പറിൽ എഗ്രിമെന്റ് ചമക്കേണ്ടതാണ്. ചിറ്റൂർ ഷോപ്പിംഗ് കോംപ്ലക്സിലെ 16 കടമുറികൾ, ഫിഷ് മാർക്കറ്റിലെ 11 കടമുറികൾ എന്നിവ തൻവർഷം വാടകക്ക് നൽകിയിട്ടുണ്ടെങ്കിലും വാടകക്കാരുമായി എഗ്രിമെന്റ് ചമച്ചതിന്റെ യാതൊരു രേഖകളും പരിശോധനക്ക് ലഭ്യമായില്ല. ആയതിനാൽ ഏത് മാനദണ്ഡ പ്രകാരമാണ് കടമുറികൾ വാടകക്ക് നൽകിയതെന്നും വാടക രജിസ്റ്ററിൽ രേഖപ്പെടുത്തിയവർക്ക് തന്നെയാണോ വാടകക്ക് നൽകിയതെന്നും വ്യക്തമല്ല. വാടക എഗ്രിമെന്റുകൾ, വാടക സംബന്ധിച്ച കമ്മിറ്റി തീരുമാനങ്ങൾ, വാടക നിരക്ക് നിശ്ചയിച്ച രേഖകൾ, ബൈലോ എന്നിവ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണെന്ന് സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും ഇവ ലഭ്യമാക്കിയില്ല. ലഭ്യമാക്കിയ മറുപടിയിൽ 1965 ലെ The Kerala Buildings (Lease And Rent Control)Act പ്രകാരം ഓരോ വർഷവും 5% വരെ വർദ്ധന വരുത്തിയാണ് വാടകക്ക് നൽകുന്നത് എന്നാണ് രേഖപ്പെടുത്തിയത്. എന്നാൽ 2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിയലും) ചട്ടങ്ങൾ പ്രകാരം വാടക എഗ്രിമെന്റ് ചമക്കാതെയും പുതുക്കാതെയുമാണ് കടമുറികൾ വാടകക്ക് നൽകുന്നത്. പഞ്ചായത്ത് വാടകക്ക് നൽകിയ വ്യക്തി തന്നെയാണോ കടമുറികൾ ഉപയോഗിക്കുന്നതെന്നും കീഴ്‌വാടകക്ക് നൽകുന്നുണ്ടോ എന്നും പരിശോധിക്കേണ്ടതാണ്. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള എല്ലാ വാടകക്കെട്ടിടങ്ങളും കരാറിന്റെ അടിസ്ഥാനത്തിൽ വാടകക്ക് നൽകുന്നതിനും ആയത് യഥാസമയം പുതുക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്. വിഷയത്തിൽ പഞ്ചായത്ത് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-17 കടമുറികളുടെ വാടക ഈടാക്കിയില്ല.

വാർഷിക ധനകാര്യ പത്രിക B15 ഷെഡ്യൂൾ Rent Receivables From Buildings ഹെഡ് പ്രകാരം 192276/- രൂപ തൻവർഷവും, 167358/- രൂപ Arrear ഇനത്തിലും ലഭിക്കാനുണ്ട്. Receivables Towards Market Receipts പ്രകാരം തൻവർഷം 19844/- രൂപയും Arrear ഇനത്തിൽ 158506/- രൂപയും ലഭിക്കാനുണ്ട്.

1)ചിറ്റൂർ ഫെറി ഷോപ്പിംഗ് കോംപ്ലക്സിലെ താഴെ ചേർത്ത കടമുറികളിൽ നിന്ന് വാടക കുടിശ്ശിക ഈടാക്കിയതായി വാടക രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. 2022-23 സാമ്പത്തിക വർഷാവസാനം വരെ ഇവരിൽ നിന്ന് ടി കുടിശ്ശിക ഈടാക്കിയില്ല. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | വാടകക്കെടുത്ത വ്യക്തി | പ്രതി മാസ വാടക നിരക്ക് | ഡിമാന്റ് | കളക്ഷൻ | കുടിശ്ശിക |
|---|---|---|---|---|---|---|
| 1 | 12/145 | അഗസ്റ്റിൻ ജോമോൻ, പുതുശ്ശേരി, മൂലമ്പിള്ളി | 2972 | 35664 | 17832 | 17832 |
| 2 | 12/146,147 | അഗസ്റ്റിൻ ജാക്സൻ നെറ്റോ, ചാത്തൻകുളങ്ങര | 15160 | 60640 | 0 | 60640 |
| 3 | 12/148 | സുനിൽകുമാർ.പി.ജി, പുളിത്തറ, സൌത്ത് ചിറ്റൂർ | 2246 | 26952 | 0 | 26952 |
| 4 | 12/151 | രാധാമണിയമ്മ | 1202 | 7212 | 0 | 7212 |
| 5 | 12/151 | ഷാജി.പി.എ, പാലാപ്പറമ്പിൽ, അത്തുകുറ്റി | 5300 | 15900 | 10600 | 5300 |
| 6 | 12/153 | അമ്മിണിക്കുട്ടി, വലിയതറ, സൗത്ത് ചിറ്റൂർ | 2940 | 35280 | 0 | 35280 |
| 7 | 12/153/B | ജോസ്.പി.എഫ്, പനക്കൽ ഹൌസ്, സൗത്ത് ചിറ്റൂർ | 3255 | 39060 | 0 | 39060 |
| ആകെ | | | | | | 192276 |

വാടക ഈടാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ-6/11-7-2023) കുടിശ്ശിക വരുത്തിയവർക്ക് കത്ത് നൽകിയെന്നും ആയത് അടക്കുന്ന മുറക്ക് വിവരങ്ങൾ ഓഡിറ്റിനെ

അറിയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ച് വിവരങ്ങൾ രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

4) ഫിഷ് മാർക്കറ്റിലെ 11 കടമുറികളിൽ നിന്നും രണ്ട് മാസത്തെ വാടക ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിലും ആയത് ഈടാക്കിയില്ല.

| ക്രമ നമ്പർ | കെട്ടിട നമ്പർ | വാടകക്കെടുത്ത വ്യക്തി | വാടക നിരക്ക് | ഡിമാന്റ് | കളക്ഷൻ | കുടിശ്ശിക |
|---|---|---|---|---|---|---|
| 1 | 1/595 | ജുനീഷ്.വി.വി, വടക്കത്ത്, മറവഞ്ചേരി, മലപ്പുറം | 1061 | 2122 | 0 | 2122 |
| 2 | 1/596 | ജുനീഷ്.വി.വി, വടക്കത്ത്, മറവഞ്ചേരി, മലപ്പുറം | 1061 | 2122 | 0 | 2122 |
| 3 | 1/597 | ഹാസിം.വി.എം, വഞ്ചിപ്പുരക്കൽ | 989 | 1978 | 0 | 1978 |
| 4 | 1/598 | രാജേഷ്, തമാടി, സൗത്ത് ചിറ്റൂർ | 1020 | 2040 | 0 | 2040 |
| 5 | 1/599 | രാജേഷ്, തമാടി, സൗത്ത് ചിറ്റൂർ | 1020 | 2040 | 0 | 2040 |
| 6 | 1/600 | രാജേഷ്, തമാടി, സൗത്ത് ചിറ്റൂർ | 971 | 1942 | 0 | 1942 |
| 7 | 1/601 | ഹാസിം.വി.എം, വഞ്ചിപ്പുരക്കൽ | 442 | 884 | 0 | 884 |
| 8 | 1/602 | ജുനീഷ്.വി.വി, വടക്കത്ത്, മറവഞ്ചേരി, മലപ്പുറം | 622 | 1244 | 0 | 1244 |
| 9 | 1/603 | ജുനീഷ്.വി.വി, വടക്കത്ത്, മറവഞ്ചേരി, മലപ്പുറം | 924 | 1848 | 0 | 1848 |
| 10 | 1/604 | ജുനീഷ്.വി.വി, വടക്കത്ത്, മറവഞ്ചേരി, മലപ്പുറം | 884 | 1768 | 0 | 1768 |
| 11 | 1/605 | ബാബു ആന്റണി, നടുവിലപ്പറമ്പിൽ, ചേരാനല്ലൂർ | 928 | 1856 | 0 | 1856 |
| ആകെ | | | | | | 19844 |

വാടക ഈടാക്കാത്തത് സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ-6/11-7-2023)വാട്ടർ മെട്രോ സ്റ്റേഷന്റെ നിർമ്മാണത്തോടനുബന്ധിച്ച് 17-5-2022 ലെ പഞ്ചായത്ത് 1(8) കമ്മിറ്റി തീരുമാന പ്രകാരം വാടക ഒഴിവാക്കിയിട്ടുള്ളതാണ് എന്ന മറുപടിയാണ് ലഭ്യമാക്കിയത്. എന്നാൽ 2022 മേയ് മുതലുള്ള വാടകയാണ് ഒഴിവാക്കിയത്. 2022 മാർച്ച്, ഏപ്രിൽ മാസങ്ങളിലെ ടി വാടക ഈടാക്കിയില്ല. ആയത് വാർഷിക ധനകാര്യ പത്രികയിൽ ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടുമുണ്ട്. മേൽ വാടകകുടിശ്ശിക ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1-18 Restoration Charges For Road Cutting - രേഖകൾ ലഭ്യമായില്ല

140500209 Restoration Charges For Road Cutting ഹെഡിൽ E - Ledger പരിശോധിച്ചത് പ്രകാരം 31-03-2023 ൽ 1220001070 നമ്പർ വൗച്ചർ പ്രകാരം 34,43,410/- രൂപ വരവ് വന്നിട്ടുണ്ട്. പ്രസ്തുത വരവ് തുകയിൽ പഞ്ചായത്തിന്റെ SBI EPAYMENT(A/c.No -37266724176 സൗത്ത് ചിറ്റൂർ) അക്കൗണ്ടിൽ 7,82,995/- രൂപയും ഉൾപ്പെട്ടിട്ടുണ്ട്. ഈ തുകയുടെ Restoration Charges For Road Cutting സംബന്ധിച്ച രേഖകൾ പരിശോധനക്ക് ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കുവാൻ 12-7-2023 ൽ 7-ാം നമ്പർ ഓഡിറ്റ് എൻക്വയറി, ഒന്നാം നമ്പർ ഓഡിറ്റ് റിക്വിസിഷൻ എന്നിവ നൽകിയിരുന്നെങ്കിലും രേഖകൾ ലഭ്യമാക്കിയില്ല. ടി തുകയുമായി ബന്ധപ്പെട്ട പ്ലാൻ, എസ്റ്റിമേറ്റ് എന്നിവയടങ്ങിയ രേഖകൾ ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. രേഖകൾ, ഫയലുകൾ ലഭ്യമാക്കാത്തപക്ഷം ലോക്കൽഫണ്ട് ഓഡിറ്റ് ആക്ട്, 1996-ലെചട്ടം 8(2) പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## 1-19 മരുന്നും അനുബന്ധ സാധനങ്ങളും ലഭ്യമാക്കാൻ അവശേഷിക്കുന്നു

2022-23 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി ചേരാനെല്ലൂർ നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ വിശദ വിവരം ചുവടെ ചേർക്കുന്നു. 2022-23 സാമ്പത്തിക വർഷം കേരളാ മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ്(KMSCL)ൽ നിന്ന് മരുന്നുകളും മറ്റ് അനുബന്ധ സാധനങ്ങളും ലഭ്യമാക്കുന്നതിനായി താഴെപ്പറയും വിധം തുക കൈമാറിയിട്ടുണ്ട്.

| | |
|---|---|
| പ്രോജക്ട് നമ്പർ | 48/23 |

| | |
|---|---|
| പ്രോജക്ടിന്റെ പേര് | പാലിയേറ്റീവ് പരിപാടി |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി, ചേരാനെല്ലൂർ |
| അടങ്കൽ തുക | ₹800000/- (വികസന ഫണ്ട് -ജനറൽ) |
| ആകെ ചെലവ് തുക | ₹762924/- |
| മരുന്നും മറ്റ് അനുബന്ധ സാധനങ്ങളും ലഭ്യമാകുന്നതിന് കൈമാറിയ തുക/ ബിൽനം/തീയതി | ₹ 219248/-, 172/19.01.23<br>₹ 140000/-, 358/28.03.23 |

മരുന്നുകളും മറ്റ് അനുബന്ധ സാധനങ്ങളും ലഭ്യമാക്കി സ്റ്റോക്കിലെടുത്തിട്ടുണ്ടെങ്കിൽ രേഖകൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്( 8/13.07.23) നൽകിയ മറുപടിയിൽ മേൽ പദ്ധതി പ്രകാരം മരുന്നുകൾ വാങ്ങുന്നതിനായി പ്രോഫോമ ഇൻവോയിസ് നം.PRF 1177/29.08.22 പ്രകാരം ₹2,19248/- (ബിൽ നം-172/1901.23 ) രൂപ നൽകിയതിൽ 116111/- രൂപയുടെ മരുന്നുകളും പ്രോഫോമ ഇൻവോയിസ് നം.PRF 5634/23.03.23പ്രകാരം മരുന്നുകളും അനുബനധ സാധനങ്ങളും വാങ്ങുന്നതിനായി നൽകിയ ₹140000/-യിൽ 73034/- രൂപയുടെ മരുന്നുകളും അനുബന്ധ സാധനങ്ങളും മാത്രമാണ് ലഭ്യമായിട്ടുള്ളതെന്ന് അറിയിച്ചു. 170103/-(103137+66966)രൂപയുടെ മരുന്ന് കൂടി ലഭ്യമാകുവാൻ അവശേഷിക്കുന്നുണ്ട്. നൽകിയ മുഴുവൻ തുകയ്ക്കുമുള്ള മരുന്ന് ലഭ്യമാക്കി രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. മരുന്ന് ലഭിക്കുന്നത് വരെ 170103/-രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

1-20 തൊഴിലുറപ്പ് പദ്ധതി- അപാകതകൾ

എ) കേരള ഫിനാൻസ് ആക്ട് 2018 പ്രകാരം 2018-19 സാമ്പത്തിക വർഷം മുതൽ മരാമത്ത് പ്രവൃത്തികൾക്കും സേവനങ്ങൾക്കുമുള്ള കരാറുകളിൽ പ്രത്യേക സ്റ്റാമ്പ് ഡ്യൂട്ടി നിരക്ക് ഏർപ്പെടുത്തുകയും സ്റ്റാമ്പ് ആക്ടിൽ ഭേദഗതി വരുത്തുകയും ചെയ്തിട്ടുണ്ട്. ആയതനുസരിച്ച് കരാർ തുകയുടെ 0.1% മൂല്യമുള്ള മുദ്രപ്പത്രത്തിൽ എഗ്രിമെന്റ് വെക്കേണ്ടതാണ്. എന്നാൽ ചേരാനെല്ലൂർ ഗ്രാമപഞ്ചായത്തിൽ തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പാക്കുന്ന പദ്ധതികളിൽ ഈ നിരക്കിലുള്ള മുദ്രപ്പത്രത്തിൽ കരാർ ചമക്കുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ടിന്റെ പേര്, കരാറുകാരൻ | കരാർ തുക (പി.എ.സി) | എഗ്രിമെന്റ് വെച്ച മുദ്രപ്പത്രത്തിന്റെ മൂല്യം | എഗ്രിമെന്റ് വെക്കേണ്ട മുദ്രപ്പത്രത്തിന്റെ മൂല്യം | കുറവ് |
|---|---|---|---|---|---|
| 1 | "നാല് സെന്റ് കോളനി റോഡിൽ കാനനിർമ്മാണം -വാർഡ് 15/ ശ്രീ. എൻ.കെ ഷംസു | ₹340000/ | ₹100 | ₹350 | ₹250 |
| 2 | വിന്നേഴ്സ് സബ്ബ് റോഡ് ടൈൽ വിരിക്കൽ- വാർഡ് 10/ ശ്രീ. എൻ.കെ ഷംസു | ₹265000/ | ₹100 | ₹300 | ₹20 |

സ്റ്റാമ്പ് ആക്ടിലെ നിർദ്ദേശത്തിന് വിരുദ്ധമായി കരാർ തയ്യാറാക്കിയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം-16 തീയതി 15/07/2023) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. സ്റ്റാമ്പ് ഡ്യൂട്ടിയിൽ കുറവ് വന്ന തുക മേൽ കരാറുകാരിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട ഹെഡിൽ അടവാക്കേണ്ടതാണ്.

ബി) ചേരാനെല്ലൂർ ഗ്രാമ പഞ്ചായത്തിൽ മഹാത്മ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പിലാക്കുന്ന വിവിധ നിർമ്മാണ പ്രവൃത്തികളിൽ മെറ്റീരിയൽ സപ്ലൈ ചെയ്തിട്ടുള്ള കരാറുകാർക്ക് തുക നൽകുമ്പോൾ നിയമാനുസൃത ജി.എസ്.ടി, ആദായ നികുതി എന്നിവ ഉറവിടത്തിൽ കുറവ് ചെയ്യാതെയാണ് തുക അനുവദിക്കുന്നത്. ഇൻകം ടാക്സ് ആക്ടിലെ സെക്ഷൻ 194(സി) പ്രകാരം ഒറ്റ തവണ

ഒരു കോൺട്രാക്ടർക്ക് ₹30,000/- അധികം നല്കുമ്പോഴോ ഒരു സാമ്പത്തിക വർഷം നല്കുന്ന ആകെ തുക ₹1,00,000/-കവിയുമ്പോഴോ ടിയാളിൽ നിന്നും 1% നിരക്കിൽ ആദായ നികുതി ഈടാക്കേണ്ടതാണ്. അതുപോലെ CGST Act, 2017 സെക്ഷൻ 51 പ്രകാരം, സപ്ലൈ ഓർഡർ നൽകിയ ₹2,50,000/-മേലുള്ള (ജി.എസ്.ടി ഒഴികെ) എല്ലാ വാങ്ങലുകൾക്കും 2% GST TDS ഈടാക്കി ബാക്കി തുക മാത്രമാണ് സപ്ലൈയർക്ക് നൽകേണ്ടത്. മഹാത്മഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതിയുടെ എല്ലാ സാമ്പത്തിക ഇടപാടുകളും എം.ഐ.എസ് മുഖേനയാണ് നടത്തുന്നതെങ്കിലും സോഫ്റ്റ്‌വെയറിൽ നിയമാനുസൃത നികുതികൾ കുറവ് ചെയ്യുന്നതിന് നിലവിൽ സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. ഈ സാഹചര്യത്തിൽ സാധനസാമഗ്രികളുടെ വിതരണക്കാർ നികുതി തുക നേരിട്ട് പഞ്ചായത്തിൽ ഒടുക്കുന്നത് ഉറപ്പുവരുത്തി മാത്രം കരാർ തുക അനുവദിക്കുന്നതിന് ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടർ 30/07/2019 ലെ നം.957/ഇ.ജി.എസ്-സി/16/ആർ.ഇ.ജി.എസ് സർക്കുലറിൽ നിർദ്ദേശിച്ചിരുന്നു. ഈ നിർദ്ദേശം ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയിട്ടില്ല. ഇത് മൂലം കേന്ദ്ര – സംസ്ഥാന സർക്കാരുകൾക്ക് നികുതി നഷ്ടം ഉണ്ടാകുന്നു.

ജി.എസ്.ടി, ആദായ നികുതി എന്നിവ ഉറവിടത്തിൽ കുറവ് ചെയ്യാതിരിക്കുന്നത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം-16 Dtd 15/07/2023) നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല. 2017 ലെ ജി.എസ്.ടി നിയമപ്രകാരം നിലവിലുള്ള നികുതി ഈടാക്കുന്നത് സംബന്ധിച്ച ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ നിർദ്ദേശം നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-21 തനത് ഫണ്ട് വൗച്ചർ പരിശോധന - അപാകതകൾ

തനത് ഫണ്ട് വൗച്ചർ പരിശോധനയിൽ കണ്ട താഴെച്ചേർക്കുന്ന അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കിയില്ല (എൻക്വയറി- 10/12.07.23, 38/16.07.23)

| ക്രമ നം | ചെലവിനം | തുക അനുവദിച്ച സ്ഥാപനം/ വ്യക്തി | നൽകിയ തുക വൌച്ചർ.നം, തീയതി | അപാകത |
|---|---|---|---|---|
| 1 | പാസ്കൽ.വി.ജെ എന്നയാളെ ഇടശ്ശേരി റിസോർട്ടിൽ താമസിപ്പിച്ചതിന്റെ ചെലവ് | ഇടശ്ശേരി റിസോർട്ട് | 4715/- 22206302/ 18.06.2022 | സ്വകാര്യവ്യക്തിയെ റിസോർട്ടിൽ താമസിപ്പിച്ചതിനും അതിനായി പഞ്ചായത്ത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചതിനുമുള്ള കാരണം വിശദീകരിച്ചില്ല |
| 2 | ഹരിതമിത്രം ട്രെയിനിംഗിനായി ചെലവഴിച്ച തുക | കില | 5100/- 22206652/ 16.08.2022 | ജില്ല ശുചിത്വ മിഷന്റെ 18/07/22ലെ 600/IEC/2022 നമ്പർ കത്ത് പ്രകാരം ഗ്രാമപഞ്ചായത്ത് തലത്തിലെ പരിശീലനത്തിനായി ചെലവഴിക്കുന്ന തുക പരിശീലനം പൂർത്തിയാക്കി ബില്ലുകൾ ഹാജരാക്കുന്ന മുറയ്ക്ക് തിരികെ അനുവദിക്കുന്നതാണെന്ന് സൂചിപ്പിച്ചിട്ടുണ്ട്. ഇപ്രകാരം 5100/-രൂപ കിലയിൽ നിന്നും തിരികെ ലഭ്യമായോ എന്നറിയിച്ചില്ല. |
| 3 | എഡ്വിൻ കാർവാലോ എന്നയാളുടെ വീടിന് മുകളിലേയ്ക്ക് അപകടകരമായ വിധം ചാഞ്ഞ് നിന്ന തെങ്ങ് മുറിച്ച് മാറ്റിയതിന് ചെലവഴിച്ച തുക | ജോസഫ് ഫ്രാൻസിസ് | 4700/- 22201003/ 03.11.2022 | ജോൺസൺ കോന്നുള്ളി എന്നയാളുടെ ഭൂമിയിലാണ് തെങ്ങ് നിന്നിരുന്നത്.തെങ്ങ് മുറിച്ച് മാറ്റുന്നതിന് തനത് ഫണ്ടിൽ നിന്ന് ചെലവഴിച്ച തുക പിന്നീട് ടിയാനിൽ നിന്ന് ഈടാക്കണമെന്നായിരുന്നു പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം (നം3(5),13.09.22) ഇതനുസരിച്ച് ശ്രീ ജോൺസണിൽ നിന്നും തുക ഈടാക്കിയതിന്റെ രേഖകൾ ഹാജരാക്കിയില്ല |
| 4 | ചിറ്റൂർ ഫെറിയിലെ 8/657B (Cons.no-CLL/7244/N), 8/657 E (Cons.no-CLL/7697 /N)നമ്പർ കടമുറികളുടെ 2023 മാർച്ച് മാസത്തെ | എക്സിക്യൂട്ടീവ് എൻജിനീയർ കേരള വാട്ടർ അതോറിറ്റി | 1)1455/- 22001675/08.03.23 2)3634/- 22001676/08.03.23 | വാടക രജിസ്റ്റർ പ്രകാരം പ്രസ്തുത കടമുറികൾ (പുതിയ കെട്ടിട നമ്പർ- 12/142, 12/145) യഥാക്രമം ബാലകൃഷ്ണൻ ടി.ഐ, അഗസ്റ്റിൻ ജോമോൻ എന്നിവർക്ക് വാടകക്ക് നൽകിയിട്ടുള്ളതാണ്. ഈ സാഹചര്യത്തിൽ ടി കടമുറികളുടെ |

| | | | | |
|---|---|---|---|---|
| | വെള്ളക്കരം അടവാക്കിയത് | | | വെള്ളക്കരം വാടകക്കാരിൽ നിന്നും ഈടാക്കുന്നതിന് പകരം പഞ്ചായത്ത് ഫണ്ടിൽ നിന്നും അടവാക്കിയതിന്റെ കാരണം വ്യക്തമാക്കിയില്ല. |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ആയവ പരിഹരിക്കുന്നതിന് ആവശ്യമായ രേഖകൾ ഹാജരാക്കേണ്ടതുമാണ്. അത് വരെ ചെലവ് തുക ₹19604/-തടസ്സപ്പെടുത്തുന്നു.

1-22 ഡയാലിസിസ് യൂണിറ്റ്-ജീവനക്കാർക്ക് വേതനം-അപാകതകൾ

ഗ്രാമപഞ്ചായത്ത് ആരംഭിക്കാനിരിക്കുന്ന ഡയാലിസിസ് യൂണിറ്റിലേയ്ക്ക് ദിവസവേതന വ്യവസ്ഥയിൽ നിയമിതരായ നഴ്സിനും (അഖില.എസ്) അറ്റൻഡർക്കും(വിന്ധ്യ ഫിജി) താഴെപ്പറയും പ്രകാരം വേതനം നൽകിയിട്ടുണ്ട്.

| തുക അനുവദിച്ച സ്ഥാപനം/ വ്യക്തി | നൽകിയ തുക<br>വൗച്ചർ.നം, തീയതി |
|---|---|
| അഖില.എസ്<br>(കൈപ്പറ്റിയ ആകെ വേതനം - 55575/-) | 1)16575/-<br>@975X17 Days<br>22201649/27.01.2023<br>(ഡിസംബർ-22)<br>2)18525/-<br>@975X19 Days<br>22201510/13.02.2022<br>(ജനുവരി-23)<br>3)20475/-<br>@975X21 Days<br>22201618/01.03.2023<br>(ഫെബ്രുവരി-23) |
| വിന്ധ്യ ഫിജി<br>(കൈപ്പറ്റിയ ആകെ വേതനം - 34800/- ) | 1)10200/-<br>@600X17 Days<br>22201418/27.01.2023<br>(ഡിസംബർ-22)<br>2)11400/-<br>@600X19 Days<br>22201511/13.02.2022<br>(ജനുവരി-23)<br>3)13200/-<br>@600X22 Days<br>22201619/01.03.2023<br>(ഫെബ്രുവരി-23) |

സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി സൗജന്യ ഡയാലിസിസ് യൂണിറ്റ് ജീവനക്കാർക്ക് ഓണറേറിയം (നം-218/22) എന്ന പദ്ധതിക്ക് തുക വകയിരുത്തിയെങ്കിലും പദ്ധതി നടപ്പാക്കിയില്ല. ആയതിനാൽ 04/01/23ലെ 4(2)-ാം നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരമാണ് തനത് ഫണ്ടിൽ നിന്നും മേൽ പ്രകാരമുള്ള വേതനം അനുവദിച്ചിട്ടുള്ളത്. ആയതിലെ അപാകതകൾ താഴെപ്പറയുന്നു.

എ) ഓഡിറ്റ് തീയതി വരെയും ഡയാലിസിസ് യൂണിറ്റ് പ്രവർത്തനം ആരംഭിച്ചിട്ടില്ല. യൂണിറ്റ് പ്രവർത്തനം ആരംഭിക്കുന്നതിന് വളരെ മുമ്പേ ജീവനക്കാരെ നിയോഗിച്ച് വേതനം നൽകി വരുന്നതിന്റെ കാരണം വ്യക്തമാക്കിയില്ല. (എൻക്വയറി നം-38/16.07.23 )
ബി)2022 ഡിസംബർ 15 മുതൽ 31 വരെയും 2023 ജനുവരി, ഫെബ്രുവരി മാസങ്ങളിലും ആസ്റ്റർ മെഡിസിറ്റി ആശുപത്രിയിൽ ട്രെയിനിംഗിലാണെന്നും ആയതിനാൽ ടി കാലയളവിലേയ്ക്ക് വേതനം അനുവദിക്കണമെന്നുള്ള മേൽ ജീവനക്കാരുടെ അപേക്ഷയുടെ അടിസ്ഥാനത്തിലാണ് തുക നൽകിയിട്ടുള്ളത്. എന്നാൽ ആശുപത്രിയിൽ നിന്നും ഇത് സംബന്ധിച്ച യാതൊരു സാക്ഷ്യപത്രവും ഹാജരാക്കിയിട്ടില്ല. ഡയാലിസിസ് നടത്തുന്നത് പരിചയം സിദ്ധിച്ച വിഷയത്തിൽ യോഗ്യതയുള്ള ടെക്നീഷ്യന്മാരാണെന്നിരിക്കെ ഏത് തരം പരിശീലനമാണ് ഈ കുറഞ്ഞ കാലയളവിൽ നഴ്സിനും അറ്റൻഡർക്കും ലഭ്യമായതെന്നതും വ്യക്തമല്ല.
സി)സാമ്പത്തിക വർഷം ആകെ 76 ദിവസം മേൽ രണ്ട് ജീവനക്കാരും തുടർച്ചയായി തൊഴിലിൽ ഏർപ്പെട്ടിട്ടുണ്ട്. എന്നാൽ ഇവരിൽ നിന്നും ചട്ടമനുസരിച്ച് രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ജീവനക്കാരുടെ അർദ്ധവാർഷിക വരുമാനത്തിനനുസൃതമായി നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതുമാണ്. ഖണ്ഡികയിൽ സൂചിപ്പിച്ച മറ്റ് രേഖകളും ഹാജരാക്കേണ്ടതാണ്. അത് വരെ ചെലവ് (₹90375/-)തടസ്സത്തിൽ വയ്ക്കുന്നു.

1-23 ഓണം അഡ്വാൻസ് ക്രമീകരിക്കാൻ അവശേഷിക്കുന്നു

പഞ്ചായത്തിന്റെ 2022-23 ലെ വാർഷിക ധനകാര്യ പത്രിക ബി-18 ഷെഡ്യൂളിലെ 460100101 ഹെഡ്ഡിൽ ഓണം അഡ്വാൻസ് ഇനത്തിൽ 25000/- രൂപ ക്രമീകരിക്കാൻ അവശേഷിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഈ തുക ആർക്ക് നൽകിയതാണെന്നും തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ 13.07.2023 തീയതിയിലെ 11 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമായിട്ടില്ല. ഓണം അഡ്വാൻസ് ക്രമീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-24 വെള്ളക്കരവും കുടിവെള്ളവിതരണവും - ലക്ഷങ്ങൾ ചെലവഴിച്ചിട്ടും ജലദൗർലഭ്യം

ഓഡിറ്റ് വർഷം 30,55,345/-രൂപയാണ് വെള്ളക്കരമിനത്തിൽ പഞ്ചായത്ത് വാട്ടർ അതോറിറ്റിയിൽ അടവാക്കിയത്. അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് പ്രകാരം വരെ ടാപ്പൊന്നിന് 2022 ഏപ്രിൽ മുതൽ 2023 ജനുവരി വരെ 5788/-രൂപ നിരക്കിലും 2023 ഫെബ്രുവരി മുതൽ 14559/- രൂപ നിരക്കിലും 362 ടാപ്പുകൾക്കാണ് കരം ഒടുക്കി വരുന്നത്. അതേ സമയം കുടിവെള്ള വിതരണത്തിനായി 11,68,148/-രൂപ മെട്രോ വാട്ടർ സപ്ലൈ എന്ന സ്ഥാപനത്തിന് നൽകി ചെലവഴിച്ചിട്ടുമുണ്ട്. പൊതുവെ എല്ലാ വാർഡുകളിലും ജലവിതരണം നടത്തിയിട്ടുണ്ട്. മൂന്നാം വാർഡിലും പതിമൂന്നാം വാർഡിലുമാണ് ഏറ്റവും കൂടുതൽ ട്രിപ്പ് വേണ്ടി വന്നിട്ടുള്ളത്. 2000 ലിറ്റർ ടാങ്കറിലും 6000 ലിറ്റർ ടാങ്കറിലുമാണ് കുടിവെള്ളം വിതരണം ചെയ്തതിട്ടുള്ളത്. യഥാക്രമം 800/-രൂപയും 1500/-രൂപയുമാണ് ലോഡൊന്നിന് പ്രസ്തുത സ്ഥാപനം ഈടാക്കിയിട്ടുള്ളത്. വാട്ടർ അതോറിറ്റിയുടെ ജലവിതരണം തുടർച്ചയായി തടസ്സപ്പെടുന്നതിനാലാണ് സ്വകാര്യഏജൻസി മുഖേന ആയത് നടത്തേണ്ടി വരുന്നതെന്ന് ഫയലിൽ കാണുന്നു. ഇതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പരാമർശങ്ങൾക്ക് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ടുള്ള എൻക്വയറിക്ക് (നം-18/14.07.23) മറുപടി ലഭ്യമാക്കിയില്ല.

എ)പ്രതിമാസം 1.7 ലക്ഷത്തോളം രൂപ മുടക്കമില്ലാതെ അടവാക്കിയിട്ടും ജലവിതരണം തടസ്സപ്പെടുന്നത് വാട്ടർ അതോറിറ്റിയെ രേഖാമൂലം അറിയിച്ച് പരാതിപ്പെട്ടിരുന്നോ എന്നറിയിച്ചില്ല.
ബി)വാട്ടർ അതോറിറ്റിയുടെ ഭാഗത്ത് നിന്ന് മേൽ പരാതിക്ക് നടപടി ഉണ്ടായോ എന്നും ഇല്ലെങ്കിൽ വിഷയം ഭരണ വകുപ്പിന്റെ ശ്രദ്ധയിൽപെടുത്തിയിരുന്നോ എന്നതും വ്യക്തമല്ല.
സി)പ്രവർത്തനക്ഷമമായ ടാപ്പുകൾക്കാണോ തുക അടവാക്കുന്നതെന്നും വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി ആയത് ഉറപ്പാക്കിയിട്ടുണ്ടോയെന്നും വ്യക്തമാക്കിയില്ല.
ഡി)സംയുക്തപരിശോധന റിപ്പോർട്ട് ഹാജരാക്കിയില്ല.

ഓഡിറ്റ് നിർദ്ദേശം
എ)വാർഷികകണക്കിലെ രേഖപ്പെടുത്തലുകൾ പ്രകാരം 40,72,294/-രൂപയുടെ നിക്ഷേപ പ്രവൃത്തികളാണ് വാട്ടർ അതോറിറ്റി പൂർത്തീകരിക്കുവാനുള്ളത്. പൈപ്പ് ലൈൻ നീട്ടലും പുതിയ ലൈനുകൾ സ്ഥാപിക്കലും അടങ്ങുന്ന മേൽ പ്രോജക്ടുകളുടെ പൂർത്തീകരണത്തിനായുള്ള ത്വരിത നടപടികൾ ജനപ്രതിനിധികളുമായി ബന്ധപ്പെട്ട് സ്വീകരിക്കാവുന്നതാണ്.
ബി)പഞ്ചായത്ത് പരിധിയിലുള്ള കുടിവെള്ള സ്രോതസുകൾ പരമാവധി സംരക്ഷിച്ച് ജലലഭ്യത വർദ്ധിപ്പിക്കാവുന്നതാണ്.
സി)ഭൂഗർഭ ജല ലഭ്യതയുടെ സാധ്യതയും പരിശോധിക്കാവുന്നതാണ്.
ഡി)സംയുക്തപരിശോധന നടത്തി റിപ്പോർട്ട് ലഭ്യമാക്കേണ്ടതും പ്രവർത്തനക്ഷമമായ ടാപ്പുകൾക്ക് മാത്രം കരം ഒടുക്കേണ്ടതുമാണ്. പൊതുടാപ്പുകൾക്ക് പകരം വ്യക്തിഗത കണക്ഷൻ പ്രോത്സാഹിപ്പിക്കേണ്ടതാണ്.
ഇ)ജലവിതരണം തുടർച്ചയായി തടസ്സപ്പെടുന്ന സാഹചര്യത്തിൽ വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി അടിയന്തിര നടപടിക്ക് ശ്രമിക്കേണ്ടതാണ്.

1-25 എസ്.സി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ- അവശ്യരേഖകളില്ലാതെ ആനുകൂല്യം നൽകി

| | |
|---|---|
| പ്രോജക്ട് നം | 114/23 |
| പേര് | എസ്.സി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ |
| അടങ്കൽ | 100000 (എസ്.സി.പി ഫണ്ട്) |
| ചെലവ് | 98000 (ബിൽ.നം-176/21.01.23) |
| നിർവഹണം | അസിസ്റ്റന്റ് സെക്രട്ടറി |

മേൽ പ്രോജക്ടിലൂടെ 20 എസ്.സി വിദ്യാർത്ഥികൾക്ക് സിഡ്കോയിൽ നിന്നും 4900/- രൂപ വില വരുന്ന മേശയും കസേരയും വാങ്ങി നൽകിയിട്ടുണ്ട്. ഇവരിൽ 13 പേരുടെ അപേക്ഷയ്ക്കൊപ്പം ജാതി

സർട്ടിഫിക്കറ്റ്, സ്കൂൾ അധികൃതരുടെ സാക്ഷ്യപത്രം എന്നീ അവശ്യരേഖകൾ ഹാജരാക്കാതെയാണ് ആനുകൂല്യം അനുവദിച്ചത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമനമ്പർ | പേരും മേൽവിലാസവും | അപാകത |
|---|---|---|
| 1 | ആദിൽ കൃഷ്ണ,<br>കരിമ്പാടത്ത് തുണ്ടിയിൽ | സ്കൂൾ അധികൃതരുടെ സാക്ഷ്യപത്രം,<br>ജാതി സർട്ടിഫിക്കറ്റ് എന്നിവയില്ല. |
| 2 | ആയുഷ് അജയ്,ചക്കേരിത്തറ | ടി |
| 3 | യായിദ്കുമാർ, ഇടയക്കുന്നം | ടി |
| 4 | അനന്തകൃഷ്ണ .കെ.ആർ | ടി |
| 5 | അക്ഷിൻ.വി.എസ് | ടി |
| 6 | ഋഷികേശ്.വി.ആർ, കൊറുങ്കോട്ട | ടി |
| 7 | അഭിനവ് കൃഷ്ണ, കൊറുങ്കോട്ട | ടി |
| 8 | കീർത്തനരാജേഷ്,ചക്കേരിത്തറ | ജാതി സർട്ടിഫിക്കറ്റ് ഇല്ല |
| 9 | വൈഷ്ണവ്.വി.എൽ, കൊറുങ്കോട്ട | ടി |
| 10 | കാർത്തിക് തമ്പി.വി, ഇടയക്കുന്നം | ടി |
| 11 | അവന്തിക ഇ.എസ്, കൊറുങ്കോട്ട | ടി |
| 12 | ഗായത്രി.പി.എ,പള്ളത്ത്പറമ്പിൽ | സ്കൂൾ അധികൃതരുടെ സാക്ഷ്യപത്രം ഇല്ല |
| 13 | അഭിനവ്.കെ.പ്രസാദ്,<br>കരിമ്പാടത്ത് തുണ്ടിയിൽ | ടി |

മേൽ സൂചിപ്പിച്ച 13 വിദ്യാർത്ഥികളുടേയും അർഹത സംബന്ധിച്ച രേഖകൾ ഹാജരാക്കുവാനാവശ്യപ്പെട്ടുള്ള എൻക്വയറിയ്ക്ക് (നം-14/14.07.23) മറുപടി നൽകിയില്ല. അവശ്യ രേഖകൾ ഹാജരാക്കുന്നത് വരെ മേൽ ഗുണഭോക്താക്കൾക്ക് ഫർണിച്ചർ വാങ്ങുന്നതിനായി ചെലവഴിച്ച 63700/-രൂപ(13x4900) തടസ്സപ്പെടുത്തുന്നു.

## 1-26 എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്-പൂർണമായും വിതരണം ചെയ്തില്ല

| | |
|---|---|
| പ്രോജക്ട് നം | 50/23 |
| പേര് | എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് |
| അടങ്കൽ | 171000 (എസ്.സി.പി ഫണ്ട്) |
| ചെലവ് | 171000/-<br>ബിൽ.നം,തീയതി-12/13.05.2022 |
| നിർവഹണം | അസിസ്റ്റന്റ് സെക്രട്ടറി |

എസ്.സി. വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുന്നതിലേയ്ക്ക് ജെം പോർട്ടൽ മുഖേന കടവന്ത്ര ലെജൻഡ്രി ഡിസ്ട്രിബ്യൂട്ടേഴ്സ് എന്ന സർവീസ് പ്രൊവൈഡറിൽ നിന്നും നാല് ലാപ്ടോപ്പുകൾ (@42750-ഇൻവോയിസ് നം-3605/2122,24.03.22) മേൽ പ്രോജക്ടിലൂടെ വാങ്ങിയിരുന്നു. നിമിഷ ജോഷി, അഭിജിത്.കെ.പി, ദേവിക എന്നീ മൂന്ന് ഗുണഭോക്താക്കളായ വിദ്യാർത്ഥികളുടെ അപേക്ഷയും അവർ ലാപ്ടോപ്പ് കൈപ്പറ്റിയതിന്റെ രേഖയും ഫയലിൽ ഉണ്ട്. എന്നാൽ ഒരു ലാപ്ടോപ്പിന്റെ വിതരണവിവരം ലഭ്യമല്ല. വിദ്യാർത്ഥിയുടെ അപേക്ഷയും മറ്റ് അനുബന്ധ രേഖകൾക്കൊപ്പം ലാപ്ടോപ്പിന്റെ കൈപ്പറ്റ് വിവരങ്ങൾ ലഭ്യമാക്കുവാനാവശ്യപ്പെട്ടെങ്കിലും (എൻക്വയറി നം-36/15.07.23) മറുപടി ലഭിച്ചില്ല. വിതരണ രേഖകൾ ഹാജരാക്കുന്നത് വരെ 42750/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-27 കൊറുങ്കോട്ട ചങ്ങാടം-ലൈസൻസും ഫിറ്റ്നസും ഹാജരാക്കിയില്ല

| | |
|---|---|
| പ്രോജക്ട്.നം | 117/23 |
| പേര് | കൊറുങ്കോട്ട ചങ്ങാടം പദ്ധതി |
| അടങ്കൽ | 510000/-<br>10000/-(വികസന ഫണ്ട്)<br>500000/-(തനത് ഫണ്ട്) |
| ചെലവ് | 478300/-(തനത് ഫണ്ട്)<br>1)വൌച്ചർനം-22201504,തീയതി13.12.22 തുക-290000/-<br>2)വൌച്ചർനം-22201608,തീയതി-28.02.23 തുക-85900/-<br>3)വൌച്ചർനം-22201609,തീയതി-28.02.23 തുക-102400/- |

| | |
|---|---|
| നിർവഹണം | അസിസ്റ്റന്റ് സെക്രട്ടറി |

കൊറുങ്കോട്ട ദ്വീപിലേയ്ക്ക് ഗതാഗത സൗകര്യം മെച്ചപ്പെടുത്തുന്നതിലേയ്ക്ക് കടത്ത് വഞ്ചി നിർമിച്ച് നൽകുന്നതിനാണ് മേൽ പദ്ധതി ആവിഷ്ക്കരിച്ചത്. താഴെപ്പറയുന്ന വിധം മൂന്ന് ഘട്ടങ്ങളിലായാണ് തുക ചെലവഴിച്ചിട്ടുള്ളത്.

എ) വഞ്ചി നിർമാണം -290000/- (എ.ജെ ബോട്ട് വർക്ക്സ്)
ബി)വഞ്ചിക്ക് മേൽക്കൂര - 85900/- (പി.ആർ സ്റ്റീൽ ഫാബ്)
സി)യമഹ എൻജിൻ വാങ്ങൽ -102400/-(ഔട്ട് ബോർഡ്)
സർവ്വീസ് നടത്തുന്നതിന് ചങ്ങാടങ്ങൾക്ക് ആവശ്യമായ കനാൽ ലൈസൻസ്, ഫിറ്റ്നസ് സർട്ടിഫിക്കറ്റ് എന്നിവ ഫയലിൽ ചേർത്തിട്ടില്ല. ആയത് ഹാജരാക്കണമെന്നാവശ്യപ്പെട്ടതിന് പ്രസ്തുത രേഖകൾക്ക് വേണ്ടി കനാൽ ഓഫീസർക്ക് അപേക്ഷ നൽകിയിട്ടുണ്ടെന്നാണ് അറിയിച്ചത്(എൻക്വയറി.നം-37/15.07.23). 2500/-രൂപ കടത്തുകാരന്റെ വേതനമിനത്തിൽ പ്രതിമാസം ചെലവഴിച്ചാണ് ഫെറി സർവീസ് പഞ്ചായത്ത് നടത്തിപ്പോരുന്നത്. ജനസുരക്ഷയെ മുൻനിർത്തി ചങ്ങാടത്തിന്റെ ഫിറ്റ്നസും ലൈസൻസും കൃത്യമായ ഇടവേളകളിൽ പരിശോധിച്ച് ഉറപ്പു വരുത്തേണ്ടത് പഞ്ചായത്തിന്റെ ചുമതലയാണ്. ആയതിനാൽ ലൈസൻസ്-ഫിറ്റ്നസ് രേഖകൾ കനാൽ ഓഫീസറിൽ നിന്ന് ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-28 മരങ്ങൾ മുറിച്ചത് - ലേലം ചെയ്തില്ല

അപകടാവസ്ഥയിൽ നിന്ന മരങ്ങൾ മുറിച്ച് മാറ്റിയതിന് സാമ്പത്തികവർഷം താഴെപ്പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം | ചെലവിനം | തുക അനുവദിച്ച വ്യക്തി | നൽകിയ തുക വൗച്ചർ.നം, തീയതി |
|---|---|---|---|
| 1 | കണ്ണൻ കുളത്തോട് ചേർന്ന് നിന്ന മരം മുറിച്ച് മാറ്റിയതിന് ചെലവഴിച്ച തുക | പ്രദീപ്കുമാർ.ടി.പി തൈക്കാട്ടുശേരി | 25000/- 22206457/16.07.2022 |
| 2 | അപകടാവസ്ഥയിൽ നിന്ന മരം മുറിച്ച് മാറ്റിയതിന് ചെലവഴിച്ച തുക | | 25000/- 22200906/14.10.2022 |

എന്നാൽ തടി ലേലം ചെയ്തതിന്റെ വിവരങ്ങൾ ലഭ്യമാക്കിയില്ല(എൻക്വയറി നം-10/12.07.23, 38/16.07.23). വാർഷിക കണക്ക് പ്രകാരം (RP-5) ടി ഇനത്തിലുള്ള വരവ് 200/-രൂപ മാത്രമാണ്. ആയതിനാൽ ലേല നടപടികൾ സ്വീകരിക്കേണ്ടതും ലേലം ചെയ്ത് ലഭ്യമാകുന്ന തുകയുടെ 5% റേഞ്ച് ഫോറസ്റ്റ് ഓഫീസിൽ അടവാക്കിയതിന്റെ ചെലാൻ പകർപ്പ് സഹിതം രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

## 1-29 അധിക നിരക്കിൽ വേതനം അനുവദിച്ചു

ദിവസവേതന ജീവനക്കാരുടെ വേതനം വർദ്ധിപ്പിച്ചു കൊണ്ടുള്ള സർക്കാർ ഉത്തരവ് (സ.ഉ (പി)നം-29/21/ധന, തീയതി-11.02.21, കാറ്റഗറി-3) പ്രകാരം ഓവർസിയർക്ക് അനുവദിക്കാവുന്ന ദിവസവേതനം 755/-രൂപയും പ്രതിമാസ വേതനപരിധി 20385/-രൂപയുമാണ്. എന്നാൽ അസിസ്റ്റന്റ് എൻജിനീയറുടെ കാര്യാലയത്തിൽ ദിവസവേതന വ്യവസ്ഥയിൽ നിയമിതനായ ആഷിക്.കെ.എ എന്ന ഓവർസിയർക്ക് 2022 മാർച്ച് മാസത്തെ ശമ്പളമിനത്തിൽ 1815/-രൂപ അധികമായി അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ഭാഗം 3 ൽ ചേർത്തിട്ടുണ്ട്.

## 1-30 എം ജി എൻ ആർ ഇ ജി എസ് പ്രവൃത്തികളുടെ നിരക്ക് അപാകത

2022-23 സാമ്പത്തിക വർഷം ചേരാനെല്ലൂർ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയിട്ടുള്ള എം ജി എൻ ആർ ഇ ജി എസ് പ്രവൃത്തികളിൽ വ്യത്യസ്ത നിരക്കാണ് നിർണ്ണയിച്ച് നൽകിയിട്ടുള്ളത്. എൽ എസ് ജി ഡി അസിസ്റ്റന്റ് എഞ്ചിനിയർ നടപ്പാക്കിയിട്ടുള്ള ലോക്കൽ മാർക്കറ്റ് റേറ്റ് വരുന്ന പ്രവൃത്തികളിൽ കുറഞ്ഞ നിരക്ക് സ്വീകരിക്കുമ്പോൾ തൊഴിലുറപ്പ് പദ്ധതികളുടെ നിരക്ക് കൂടുതലായി കാണുന്നു. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തി (അളവ് പുസ്തകം)/അടങ്കൽ | ചെയ്ത പ്രവൃത്തി | നൽകിയ തുക | നൽകാവുന്ന തുക | വ്യത്യാസം |
|---|---|---|---|---|---|
| 1 | വിന്നേഴ്സ് സബ് റോഡ് ടൈൽ | Providing And Laying 80mm Thick Factory | 182x1255.47= 228495.54 | 182x1008.47= 183541.54 | 44954.00 |

| | | | | |
|---|---|---|---|---|
| വിരിക്കൽ RC/353685 *265000-* | Made Concrete Inter Locking Paver Block...182m$^2$) | | | |

മേൽ രീതിയിൽ തുക നൽകിയതിന്റെ കാരണം വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി(നം. 17/15.07.2023)നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല. NREGS- പ്രവൃത്തിയിൽ സ്പെസിഫിക്കേഷൻ 80.8.34 പ്രകാരം 80 Mm കനമുള്ള സിമന്റ് കോൺക്രീറ്റിംഗ് കട്ട വിരിക്കുന്നതിന് ഒരു ചതുരശ്രമീറ്ററിന് 1255.47/- രൂപയാണ്. എന്നാൽ അസ്സി. എൻജിനിയർ നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളിൽ മോർഡ് സ്പെസിഫിക്കേഷൻ പ്രകാരം 80 Mm കനമുള്ള സിമന്റ് കോൺക്രീറ്റിംഗ് കട്ട വിരിക്കുന്നതിന് ഒരു ചതുരശ്രമീറ്ററിന് 1008.47/- രൂപയാണ്. ഗ്രാമപഞ്ചായത്തിലെ എൽ.എസ്.ജി.ഡി വിഭാഗം തയ്യാറാക്കുന്ന നിരക്കുകൾ ലോക്കൽ മാർക്കറ്റ് റേറ്റ് പ്രകാരവും,കരാറുകാരന്റെ ലാഭവും,ഓവർഹെഡ് ചാർജ്ജും,കോസ്റ്റ് ഇൻഡക്സും ഉൾപ്പെടുത്തിയാണ് തയ്യാറാക്കുന്നത്. ആയതിനാൽ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ രണ്ട് രീതിയിൽ നിരക്ക് കണക്കാക്കുന്നു. നിരക്ക് ഏകീകരിക്കുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

### 1-31 സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി- അധിക ധനസഹായം നൽകി

സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി-അനുവദനീയമായ പരമാവധി തുകയേക്കാൾ അധിക തുക നൽകി. വിശദാംശങ്ങൾ ഖണ്ഡിക 3-1-ൽ ചേർത്തിട്ടുണ്ട്

### 1-32 ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകി

| | |
|---|---|
| പ്രോജക്ട് നം/പേര് | 94/23 മുട്ടക്കോഴി വളർത്തൽ |
| നിർവഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| അടങ്കൽ തുക | രൂ.204000/- (വികസന ഫണ്ട് ജനറൽ) |
| ചെലവ് | രൂ.204000/- |
| ബിൽ നം./തീയതി/തുക | 360/28/03/23 -204000/- |

ടി പ്രോജക്ടിന്റെ നിർവ്വഹണോദ്യോഗസ്ഥയായ വെറ്ററിനറി സർജൻ, 340 ഗുണഭോക്താക്കൾക്ക് 5 മുട്ടക്കോഴികളെ നൂറ് ശതമാനം സബ്സിഡിയോടെ വിതരണം ചെയ്യുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചത്. ഗവ: അംഗീകൃത എഗ്ഗർ നഴ്സറിയായ M&M ഫാമിൽ നിന്നും 45-60 ദിവസം പ്രായമായ 1700 മുട്ടക്കോഴിക്കുഞ്ഞുങ്ങളെ യൂണിറ്റ് ഒന്നിന് 120/-രൂപ നിരക്കിൽ (1700*120) 204000/-രൂപയ്ക്ക് വാങ്ങി. എന്നാൽ വിതരണ രജിസ്റ്റർ പ്രകാരം ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാത്ത താഴെച്ചേർക്കുന്നവർക്ക് ആനുകൂല്യം നൽകി.

ഗ്രേസി ജോർജ്, മാതിരപ്പള്ളി വാർഡ് 13

മറിയാമ്മ, അരവിന്ദാലയം വാർഡ് 12

മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (9/13.06.2023) നൽകിയ മറുപടിയിൽ ക്ലെറിക്കൽ മിസ്റ്റേക്ക് മൂലം 2 പേരുടെ പേരുകൾ മാറിപ്പോയതാണെന്ന് അറിയിച്ചു. മറുപടി അംഗീകരിക്കുന്നില്ല. പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തികൾക്ക് ആനുകൂല്യം അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

### 1-33 ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്നുവാങ്ങൽ പദ്ധതിപ്രകാരമുള്ള മരുന്നുകൾ ലഭ്യമായിട്ടില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്നുവാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ ,ഹോമിയോ |
| പ്രോജക്ടിന്റെ നം/ വർഷം | 55/22-23 |
| അടങ്കൽ തുക / ഫണ്ട് | 2,50,000/- രൂപ., മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) |
| ചെലവ് തുക/ ബിൽ നം തിയതി | 2,50,000/- രൂപ., നം14000928717 /തീയതി 19.12.22 |
| പ്രോജക്ടിന്റെ നം/ വർഷം | 56/22-23 |
| അടങ്കൽ തുക / ഫണ്ട് | 50,000/- രൂപ., മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) |
| ചെലവ് തുക/ ബിൽ നം തിയതി | 50,000/- രൂപ., മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) 1400028718/19.12.22 |

2022-23 വർഷം ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്നുവാങ്ങൽ എന്ന പ്രോജക്ടുകൾക്കായി ആകെ 3,00,000/-രൂപ ചെലവഴിച്ചെങ്കിലും മരുന്നുകളൊന്നും ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭിച്ചിട്ടില്ലാത്തതിനാൽ 3,00,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-34 വിവിധ പദ്ധതികളുടെ വിനിയോഗവിവരങ്ങൾ ലഭ്യമാക്കിയില്ല

KWA,KSEB തുടങ്ങിയ സ്ഥാപനങ്ങളിലേക്ക് വിവിധ പദ്ധതികൾക്കായി പഞ്ചായത്തിൽ നിന്നും തുക നൽകിയിട്ടുണ്ട്. എന്നാൽ ആയതിന്റെ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമനം | പ്രോജക്ട് നം | പ്രോജക്ടിന്റെ വിശദാംശങ്ങൾ/ബിൽ/വൗച്ചർനം,തീയതി | ചെലവ് തുക |
|---|---|---|---|
| 1 | 199/23 | തെരുവ് വിളക്ക് ലൈൻ നീട്ടൽ. XVFC/2022-13/P/51, 30.03.2023 | 512200/- |
| 2 | 10/23 | തെരുവ് വിളക്ക് ലൈൻ നീട്ടൽ. XVFC/2022-13/P/1, 11.04.2022 | 1087375/- |
| 3 | 112/23 | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ-കെ.ഡബ്ല്യു,എ. J891249739891 /8.02.2023 | 155,000 |
| 4 | 15/23 | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ-കെ.ഡബ്ല്യു,എ. XVFC/2022-13 /P/28, 02.04.2022 | 300000/- |
| | | ആകെ | 20,54,575/- |

വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 20,54,575/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പ്രവൃത്തി പൂർത്തീകരിക്കുന്നമുറക്ക് ചെലവ് ചെയ്ത തുകകളുടെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്.

1-35 വാഹനം ലഭിച്ചില്ല, പദ്ധതി പ്രായോഗികമായിട്ടില്ല

പ്രോജക്ട് നം. 19/23, ഹരിത കർമ്മ സേനയ്ക്ക് ഇലകടിക്കൽ ഓട്ടോ

ചെലവ് തുക - 256772/-

അടങ്കൽ - 855906/-(599134/-സ്വച്ഛ് ഭാരത് മിഷൻ, 136772/-തനത്ഫണ്ട്, 120000/- കൊച്ചി കോർപ്പറേഷൻ വിഹിതം)

ബിൽ നം. SBIN423087247931/28.03.23. തുക:120000/-

ചെക്ക് നം. 724607/ 08.03.2023,136772/-

നിർവ്വഹണം : സെക്രട്ടറി.

മേൽ പദ്ധതി പ്രകാരം പഞ്ചായത്തിലെ മാലിന്യം നീക്കം ചെയ്യുന്നതിനായി ഹരിത കർമ്മ സേനക്ക് ഇ-ഓട്ടോ വാങ്ങുന്നതിനായി 452084/-രൂപ കുറ്റക്കാരൻ ഗ്രീൻ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിക്ക് നൽകുകയുണ്ടായി. 195312/-രൂപ 2023 മാർച്ചിന് ശേഷമാണ് നൽകിയത്. മേൽ പദ്ധതി പ്രകാരം പ്രസ്തുത കമ്പനിയെ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം വ്യക്തമല്ല.ഓട്ടോ രജിസ്റ്റർ ചെയ്തതിന്റെ രേഖകൾ ഫയലില്ല. വാഹനം ലഭ്യമാകാത്തതിന്റെ കാരണം വ്യക്തമല്ല. കൂടാതെ സർക്കാർ സ്ഥാപനമായ KEL നിന്നും ടെൻഡർ നടപടി ഒഴിവാക്കി വാങ്ങുന്നതിന് അനുമതി ഉള്ളതും അടിസ്ഥാന വിലയിൽ 2% കിഴിവ് ഉണ്ടായിട്ടും, Gem പോർട്ടൽ മുഖേന വിലകുറച്ച് ലഭ്യമാകുന്നതിനുള്ള സാഹചര്യം ഉണ്ടായിരിന്നിട്ടും ആയത് പ്രയോജനപ്പെടുത്താതിരുന്നതിന്റെ കാരണവും ഭരണസമിതി പ്രസ്തുത കമ്പനിയെ, ഉൽപ്പന്നത്തെ തിരഞ്ഞെടുത്തിന്റെയും രേഖകൾ ഫയലിലില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.27/15.07.2023)മറുപടി ലഭ്യമാക്കിയിട്ടില്ല. കുറ്റക്കാരൻ ഗ്രീൻ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും ഓട്ടോ ലഭ്യമായ ശേഷം ആയത് ഹരിതകർമ്മ സേനക്ക് നൽകി പദ്ധതി നിർവ്വഹണം ആരംഭിച്ചശേഷം വിവരം ലഭ്യമാക്കേണ്ടതാണ്.

1-36 മാലിന്യ സംസ്കരണം യൂസർഫീ നൽകൽ - ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ ന്യൂനതകൾ

| | |
|---|---|
| പ്രോജക്ടിന്റെ പേര് | മാലിന്യ സംസ്കരണം തുക നൽകൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നം / വർഷം | 1)152/23 |
| അടങ്കൽ തുക / ഫണ്ട് | 1) 568438/-ധനകാര്യകമ്മീഷൻ ഗ്രാന്റ്(ടൈഡ്)<br>2)431562/-(തനത്ഫണ്ട്) |

| | |
|---|---|
| ചെലവ് തുക/ ബിൽ നം തിയതി | 1) 568438/- രൂപ., ധനകാര്യകമ്മീഷൻ ഗ്രാന്റ് . XVFC/2022-23 /P/44/13.3.23<br>2)431562/-രൂപ., (തനത്ഫണ്ട്)<br>ചെക്ക് നം.6279534/20.03.22(131389/-);<br>SBIN123101387665/11.04.23(300172/-) |

2022-23 വർഷം മാലിന്യ സംസ്കരണം യൂസർഫീ എന്ന പ്രോജക്റ്റിനായി 100000/-രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ തുകയുടെ ചെലവു വിവരം പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല.

1) കൊച്ചി കോർപ്പറേഷനുമായി മാലിന്യ സംസ്കരണം യൂസർഫീ ഈടാക്കുന്നതു സംബന്ധിച്ച 2023 മാർച്ച് വരെയുള്ള കരാർ.

2) GPS ട്രാക്കിംങ് സിസ്റ്റം ഘടിപ്പിച്ച വാഹനത്തിന്റെ ട്രിപ്പ് ഷീറ്റ്.

3) വേയിംഗ് മെഷീനിൽ മാലിന്യങ്ങളുടെ അളവ്/തൂക്കം എന്നിവ കണക്കാക്കിയത് സംബന്ധിച്ച കമ്പ്യൂട്ടർ മെഷീൻ പ്രിന്റ്.

4) മാലിന്യങ്ങളുടെ അളവ്, നല്കിയ തുക, കാലയളവ് തുടങ്ങിയവ സംബന്ധിച്ച രജിസ്റ്റർ.

5) കൊച്ചി കോർപ്പറേഷന് പ്രസ്തുത ഇനത്തിൽ വിവിധ മാസങ്ങളായി നൽകിയ തുകയുടെ കൈപ്പറ്റ് രസീതും ഫയലിൽ ലഭ്യമല്ല.

മേൽ പറഞ്ഞ ന്യൂനതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.30/15.07.2023)മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പറഞ്ഞ അപാകതകൾ പരിഹരിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-37 കാലിത്തീറ്റ വിതരണ പദ്ധതി നിർവ്വഹണത്തിലെ ന്യൂനതകൾ

പ്രോജക്ട് നം. 146/23

പ്രോജക്ട് - കാലിത്തീറ്റ വിതരണം

അടങ്കൽ – 150000/-

ചെലവ് – 150000/-
ബിൽ നമ്പർ.11201086951/25.01.23, തുക-1,12,125/-
ബിൽ നമ്പർ.11201364259/15.03.23, തുക-37,875/-
ആകെ.150000/-

വെറ്ററിനറി സർജൻ നിർവ്വഹണോദ്യോഗസ്ഥയായുള്ള മേൽ പ്രോജക്ട് പ്രകാരം 80 കർഷകർക്കായി 50% സബ്സിഡിയോടെ കാലിത്തീറ്റ വിതരണം ചെയ്തിരുന്നു. കേരള ഫീഡ്സ് ലിമിറ്റഡിൽ നിന്നും 50 കിലോയുള്ള എലൈറ്റ് കാലിത്തീറ്റ ചാക്കൊന്നിന് 1495/-രൂപ നിരക്കിലാണ് വാങ്ങി വിതരണം ചെയ്തിട്ടുള്ളത്. കേരള ഫീഡ്സിന്റെ 05.12.22.-ലെ കെ.എഫ്.എൽ 430/99(III) നമ്പർ കത്ത് പ്രകാരം കാലിത്തീറ്റ ഇറക്കു കൂലിയും മറ്റ് അനുബന്ധ ചെലവുകൾക്കുമായി ചാക്കൊന്നിന് മുപ്പതു രൂപ നിരക്കിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ ആവശ്യപ്പെടുന്ന പക്ഷം നൽകുന്നതാണ് എന്ന് പറയുന്നു. കൂടാതെ കാലിത്തീറ്റയ്ക്ക് വില മുൻകൂറായി അടവാക്കുന്ന പക്ഷം പദ്ധതി പൂർത്തീകരണത്തിന് ശേഷം ചാക്കൊന്നിന് 20/-രൂപ നിരക്കിൽ തിരികെ ലഭിക്കുന്നതുമാണ്. മേൽപ്പറഞ്ഞ ആനുകൂല്യങ്ങൾക്ക് അർഹതയുള്ള പക്ഷം ആയത് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് മറുപടി ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.32/15.07.2023)

## 1-38 പൊതുസ്ഥലങ്ങളിൽ ബോർഡ് സ്ഥാപിക്കൽ - സ്ഥാപിച്ചതിന്റെ വിശദാംശങ്ങൾ ഇല്ല

പ്രോജക്ട് നമ്പർ S07/23

അടങ്കൽ - 3,97,000/-(197000/- (MG-NR) 2,00,000/-തനത്ഫണ്ട്)

ചെലവ് – 3,96,576/-
നിർവ്വഹണോദ്യോഗസ്ഥൻ : സെക്രട്ടറി

പൊതുസ്ഥലങ്ങളിൽ സ്ഥാപിക്കുന്നതിനുള്ള മാലിന്യ സംസ്കരണ വിവരങ്ങൾ അടങ്ങിയ 32 ബോർഡുകൾ സ്ഥാപിക്കുന്നതിനുള്ള കരാർ 'നെടുംതടത്തിൽ ട്രേഡിങ് ആൻഡ് കോൺട്രാക്ട് കമ്പനി ' എന്നവർക്ക് ലഭിച്ചു. മേൽപ്പറഞ്ഞ പ്രകാരം കരാറുകാർക്ക് 3,96,576/- രൂപ നൽകുകയും ചെയ്തു. കരാറുകാരൻ നിർമ്മിച്ച 32 ബോർഡുകളും സ്ഥാപിച്ചതിന്റെ വിവരങ്ങളും ഫയലില്ല. ബോർഡുകൾ ഏതൊക്കെ വാർഡുകളിൽ, എവിടെയൊക്കെ സ്ഥാപിച്ചു എന്നത് സംബന്ധിച്ച വിവരങ്ങൾ ഫയലില്ല. കൂടാതെ പദ്ധതിയുടെ മോണിറ്ററിങ് റിപ്പോർട്ടും ഫയലിൽ സൂക്ഷിച്ചിട്ടില്ല. മറുപടിയുടെയും അനുബന്ധ രേഖകളുടെയും അഭാവത്തിൽ 3,96,576/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (34/15.07.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. നാല് ലക്ഷത്തോളം രൂപ ചെലവഴിച്ച് കരാറുകാരൻ നിർമ്മിച്ച മുഴുവൻ ബോർഡുകളും പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ

സ്ഥാപിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-39 ഡയാലിസിസ് യൂണിറ്റ് നാളിതുവരെ പ്രവർത്തനമാരംഭിച്ചില്ല

സൗജന്യ ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കൽ, കെട്ടിടത്തിൽ സൗകര്യങ്ങൾ ഒരുക്കൽ എന്നിവയ്ക്കായി സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി മൂന്ന് പ്രോജക്ടുകൾ ഓഡിറ്റ് വർഷം നടപ്പാക്കിയിരുന്നു(പ്രോജക്ട് നമ്പരുകൾ 16/23,164/23,172/23). മേൽപ്പറഞ്ഞ പ്രകാരം മൂന്ന് പദ്ധതികൾ പ്രകാരമുള്ള പ്രവൃത്തികൾ എല്ലാം പൂർത്തിയാക്കി തുക നൽകിയിട്ടുമുണ്ട്. എന്നാൽ ഡയാലിസിസ് യൂണിറ്റ് പരിശോധിച്ചതിൽ നാല് കിടക്കകൾ (3+1)ഉൾപ്പെടെ ഡയാലിസിസ് യൂണിറ്റിൽ എല്ലാം സജ്ജീകരിച്ചിട്ടുണ്ട്. എന്നാൽ ഇതുവരെ രോഗികളെ പ്രവേശിപ്പിച്ച് പ്രവർത്തനം ആരംഭിച്ചതായി കാണുന്നില്ല. ഡയാലിസിസ് യൂണിറ്റിൽ രോഗികളെ പ്രവേശിപ്പിക്കുന്നതിന്റെ മാനദണ്ഡം എപ്രകാരമാണെന്ന് ഫയലിൽ നിന്നും വ്യക്തമല്ല. സത്യസായി ട്രസ്റ്റുമായി സഹകരിച്ച് പ്രവർത്തിക്കുന്ന പ്രസ്തുത പദ്ധതിക്ക് വേണ്ടി സത്യസായി ട്രസ്റ്റിലെ ഒരു ജീവനക്കാരിയും ഗ്രാമപഞ്ചായത്ത് നിയമിച്ച രണ്ടു താൽക്കാലിക ജീവനക്കാരുമാണ് നിലവിലുള്ളത്. പ്രസ്തുത വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 43/19.07.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പദ്ധതി പ്രാവർത്തികമാക്കാത്തതിന്റെ കാരണം സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

## 1-40 വിദ്യാഭ്യാസ അവാർഡ് ദാനം - പദ്ധതി നിർവ്വഹണത്തിൽ അപാകത

| | |
|---|---|
| പ്രോജക്ടിന്റെ പേര് | വിദ്യാഭ്യാസ അവാർഡ് ദാനം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നം / വർഷം | 1)87/23 |
| അടങ്കൽ തുക / ഫണ്ട് | 1) 1,50000/-, തനത് ഫണ്ട് |
| ചെലവ് തുക/ ചെക്ക് നം തിയതി | 1) 20658/-, ലഭ്യമാക്കിയിട്ടില്ല. |

2022-23 വർഷം സെക്രട്ടറി നടപ്പാക്കിയ വിദ്യാഭ്യാസ അവാർഡ് ദാനം എന്ന പ്രോജക്ടിനായി 20658/-രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ ചെലവിന്റെ വിശദാംശം പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന രേഖകൾ ഹാജരാക്കിയില്ല.

1)സ്കൂളിൽ നിന്നും ഉള്ള, കമ്മറ്റി അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ്.

2)വിദ്യാഭ്യാസ അവാർഡ് ദാനം എന്ന പ്രോജക്ട് നടപ്പാക്കുന്നതിനുള്ള ഉത്തരവ്/മാർഗ്ഗരേഖ.

3) തുക ചെലവഴിച്ചതിന്റെ രേഖകൾ മുഴുവൻ ഫയലിലില്ല.

4)അവാർഡ് ദാനം ചെയ്തത് ഏത് സ്കൂളുകൾക്കാണ്, എന്ത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് തുക പണമായി നൽകിയത് എന്നീ കാര്യങ്ങൾ ഫയലിൽ നിന്നും വ്യക്തമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.28/15.07.2023)മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പരാമർശങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്. മറുപടിയുടെ അഭാവത്തിൽ 20,658/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-41 പൊതു സ്ഥലങ്ങളിൽ ക്യാമറ സ്ഥാപിക്കൽ - പദ്ധതി ഉപേക്ഷിച്ചതിനാൽ പി.ഡബ്ല്യു.ഡിയിൽ നിക്ഷേപിച്ച പണം തിരികെ ലഭ്യമാക്കണം

| | |
|---|---|
| പ്രോജക്ടിന്റെ പേര് | പൊതു സ്ഥലങ്ങളിൽ ക്യാമറ സ്ഥാപിക്കൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നം/ വർഷം | 06/23 |
| അടങ്കൽ തുക / ഫണ്ട് | 1) 304000/-രൂപ, (തനത് ഫണ്ട് ) 2) 696000/-രൂപ, സംരക്ഷണഗ്രാന്റ് – റോഡിതരം<br>3)450000/-രൂപ, ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>ആകെ – 14,50,000/- |
| ചെലവ് തുക/ ബിൽ നം തിയതി | 1)263932/- രൂപ. ചെക്ക് നം 6832784/തീ. 31.03.2022 (തനത് ഫണ്ട് )<br>2) 6,96,000/- രൂപ. IDനം 35154/തീയതി 30.03.2022<br>3)439960/-രൂപ, ചെക്ക്നം.6832784 /തീ. 02.07.2022 |

2021-22 വർഷം പഞ്ചായത്ത് പൊതു സ്ഥലങ്ങളിൽ ക്യാമറകൾ സ്ഥാപിക്കൽ എന്ന പ്രോജക്ടിനായി മേൽ ക്രമ നം 1,2 എന്നിവ പ്രകാരം 9,59,932/-രൂപയും 2022-23വർഷം ക്രമ നം 3 പ്രകാരം

439960/-രൂപയും ചേർത്ത് ആകെ 1399892/-രൂപ തൃശ്ശൂരിലെ PWD Electrical Sub Division ലേയ്ക്ക് ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

തുടർന്ന് പ്രസ്തുത പദ്ധതി ഒഴിവാക്കുന്നതായും വിവിധ ഏജൻസികളും ജില്ലാ ഭരണകൂടവുമായി ചേർന്ന് മറ്റൊരു ബൃഹത്ത്പദ്ധതി ആസൂത്രണം ചെയ്തതിനാലും നിക്ഷേപിച്ച പണം തിരികെ ലഭ്യമാക്കുന്നതിനുമായി അടവാക്കിയ സ്ഥാപനത്തിലേക്ക് സെക്രട്ടറി കത്ത് നൽകുകയുണ്ടായി. പ്രസ്തുത പദ്ധതിക്ക് വേണ്ടി നിക്ഷേപിച്ച തുക തിരികെ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. മേൽ പരാമർശത്തിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.26/15.07.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-42 ടെലിഫിലിം നിർമ്മാണ പദ്ധതി - നടപടിക്രമത്തിൽ അപാകത

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി
പ്രോജക്റ്റ് നമ്പർ : 171/23
പദ്ധതി : ലഹരിവിരുദ്ധ ബോധവൽക്കരണം – ടെലിഫിലിം.

അടങ്കൽ: 60000/- (പ്ലാൻ ഫണ്ട് – ജനറൽ)

ചെലവ് : 60000/-
UTR No. & Date : RBI 356229961248/20.12.2022

ലഹരി വിരുദ്ധ ബോധവൽക്കരണ പദ്ധതിക്കായി പഞ്ചായത്ത് ഒരു ടെലിഫിലിം നിർമ്മിക്കുകയുണ്ടായി. ടെലിഫിലിമിന്റെ ആകെ ചെലവ് 80,000/- രൂപയാണ്. ആയതിന്റെ 75% തുകയായ 60,000/-രൂപയാണ് നിർമ്മാതാവിന് നൽകിയിട്ടുള്ളത്. പ്രസ്തുത പദ്ധതി നിർവഹിച്ചത് ശ്രീ.മിരാജ് ഭാസ്കർ, സൗത്ത്ചിറ്റൂർ എന്ന വ്യക്തിയാണ്. മേൽ പദ്ധതി സർക്കാരിന്റെ മാർഗ്ഗരേഖയിൽ ഉൾപ്പെട്ടിട്ടില്ലാത്ത നൂതന പദ്ധതിയായതിനാൽ (സ.ഉ.(കൈ.)നം.115/2022/തസ്വഭവ, തി.28.5.22) ജില്ലാതല വിദഗ്ധ സമിതിയുടെ അനുമതിയോടെയാണ് സബ്സിഡി നൽകേണ്ടിയിരുന്നത്. പദ്ധതിയുടെ പ്രയോജനം ജനങ്ങൾക്ക് ലഭിച്ചതിന്റെ വിവരങ്ങൾ ഫയലിൽ നിന്നും വ്യക്തമല്ല. കൂടാതെ പ്രസ്തുത പദ്ധതിക്കായി മേൽപ്പറഞ്ഞ വ്യക്തിയെ നിർവഹണത്തിനായി തിരഞ്ഞെടുത്തത് എപ്രകാരമാണെന്ന് വ്യക്തമല്ല. മേൽ പറഞ്ഞ ന്യൂനതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.31/15.7.23)മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെയും മറുപടിയുടെയും അഭാവത്തിൽ 60000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. അപാകത പരിഹരിച്ച് ഓഡിറ്റ് പരാമർശത്തിന് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-43 മരുന്നിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയില്ല

പദ്ധതി നം. 101/23
പദ്ധതി - ആയുർവ്വേദ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ

അടങ്കൽ/ചെലവ് : 700000/-( MG(NR))
ബിൽ നം. – 2013800757593 തീ. 07.11.2022
നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ (ആയുർവ്വേദം)

ചേരാനല്ലൂർ ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറിയുടെ 2022-2023 വർഷത്തെ മരുന്നുകളുടെ സ്റ്റോക്ക് പരിശോധനയുടെ ഭാഗമായി 2021-22 വരെയുള്ള വർഷത്തെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ആവശ്യപ്പെട്ടെങ്കിലും ആയത് ലഭ്യമാക്കിയില്ല. 2022-23 വർഷം വാങ്ങിയ മരുന്നുകൾ പുതിയ ഒരു സ്റ്റോക്ക് രജിസ്റ്ററിൽ, ലഭിച്ച ഇൻവോയിസുകൾ പ്രകാരം അതുപോലെ പകർത്തി എഴുതിയിരിക്കയാണ്. മരുന്നിന്റെ ഇൻഡക്സോ ഇനംതിരിച്ചോ എഴുതിയിട്ടില്ല. തുടർന്ന് 15-7-2023 -ന് ആയുർവേദ ഡിസ്പെൻസറിയിൽ പഞ്ചായത്ത് അധികൃതരുടെ സാന്നിദ്ധ്യത്തിൽ ലോക്കൽ വെരിഫിക്കേഷന് പോയെങ്കിലും സ്റ്റോക്ക് രജിസ്റ്റർ ഫാർമസിസ്റ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. സ്റ്റോക്ക് രജിസ്റ്റർ സ്ഥാപനത്തിൽ ഇല്ലായെന്നും വീട്ടിലേക്ക് കൊണ്ടുപോയതാണെന്നുമാണ് ഫാർമസിസ്റ്റിൽ നിന്നും മറുപടി ലഭിച്ചത്. ഇത് ശരിയായ നടപടിയല്ല. സർക്കാർ ആശുപത്രിയിൽ ഉപയോഗിച്ചുവരുന്ന മരുന്നുകൾ അവയുടെ സ്റ്റോക്ക് എന്നിവ നിയമാനുസൃതം ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതലയാണ്.

ആയുർവേദ ആശുപത്രിയിൽ നിലവിലുള്ള മരുന്നുകൾ കൃത്യമായ ഇടവേളയിൽ പരിശോധിച്ച് യഥാർത്ഥ സ്റ്റോക്കുമായി പൊരുത്തപ്പെടുത്തി, സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടത് മെഡിക്കൽ ഓഫീസറാണ്. കൂടാതെ ആശുപത്രിയിൽ ഒരുമിച്ചും അല്ലാതേയും പലഭാഗങ്ങളിലായി ധാരാളം മരുന്നുകൾ കൂട്ടിയിട്ടിരിക്കുന്നതാണ് കാണാൻ കഴിഞ്ഞത്. അപാകതകൾക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.35/15.7.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അപ്രകാരം നടപടി സ്വീകരിക്കുന്നതിൽ വന്ന വീഴ്ച്ചക്കും സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കാതിരുന്നതിനും മറുപടി നൽകേണ്ടതാണ്. പ്രസ്തുത വിഷയത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-44 മത്സ്യബന്ധന വള്ളവും വലയും നൽകുന്ന പദ്ധതി - പദ്ധതി നിർവ്വഹണത്തിൽ അപാകത.

പദ്ധതി നമ്പർ : 85/23

നിർവ്വഹണ ഉദ്യോഗസ്ഥൻ – ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ

അടങ്കൽ : 229050/- (171788/- – പ്ലാൻ ജനറൽ, 57262/- ഗുണഭോക്തൃവിഹിതം)

ചെലവ് : 126800/-

യു.ടി.ആർ നം. – 221101000000032672/ 29.03.2023

മേൽ പദ്ധതി പ്രകാരം 9 പേരെയാണ് ഗുണഭോക്താക്കളായി തിരഞ്ഞെടുത്തത്. ഇതിൽ നാലുപേർക്ക് ഓഡിറ്റ് വർഷം ആനുകൂല്യം നൽകുകയുണ്ടായി. 20480/- രൂപയുടെ വഞ്ചിയും 5000/- രൂപയുടെ വലയുമാണ് പദ്ധതി പ്രകാരം ഒരു ഗുണഭോക്താവിന് നൽകുന്ന ആനുകൂല്യം. എന്നാൽ ഗ്രാമസഭ മിനുട്സ്, ഭരണസമിതി തീരുമാനം എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന മൂന്ന് പേർ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടുകാണുന്നില്ല. (1) ശ്രീ ആന്റണി.ടി.ടി, തോട്ടകത്ത് (2)ശ്രീ ആൻറണി എ കെ, അഴീക്കത്ത് (3) ശ്രീ സുനിൽകുമാർ വല്ലാത്ത്, തിട്ടൽ.

കേരള ഇൻലാൻഡ് ഫിഷറീസ് അക്വകൾച്ചർ ആക്ട് പ്രകാരം എല്ലാ വള്ളങ്ങൾക്കും രജിസ്ട്രേഷനും ഫിഷിങ് ലൈസൻസും നിർബന്ധമാണ്. എന്നാൽ മേൽപ്പറഞ്ഞ ഗുണഭോക്താക്കൾക്ക് രജിസ്ട്രേഷൻ, ലൈസൻസ് എന്നിവ ലഭിച്ചതായി കാണുന്നില്ല. പദ്ധതി നിർവ്വഹണത്തിൽ കണ്ട ന്യൂനതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 33/15.7.2023)മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത ഗുണഭേക്താക്കൾ അർഹരല്ലെങ്കിൽ അവർക്ക് നൽകിയ ആനുകൂല്യം തിരികെ ഈടാക്കേണ്ടതും അല്ലാത്തപക്ഷം മതിയായ രേഖകൾ ലഭ്യമാക്കേണ്ടതുമാണ്.

ആദ്യ മറുപടിക്കൊപ്പം മതിയായ രേഖകൾ ലഭ്യമാക്കാത്തപക്ഷം അനർഹമായി നൽകിയ മൂന്ന് ഗുണഭോക്താക്കളുടെ ആനുകൂല്യം തിരിച്ചടവാക്കേണ്ടതാണ്.

## 1-45 സ്മാർട്ട് ഗാർബാജ് സിസ്റ്റം പദ്ധതി- വിശദാംശങ്ങൾ ലഭ്യമല്ല .

പദ്ധതിനമ്പർ: 9/23
പദ്ധതി : സ്മാർട്ട് ഗാർബേജ് ആപ്പ് ചെലവുകൾ
അടങ്കൽ : 404900/-
ചെലവ് : 304139/-
നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

| Cheque No./UTR No. | Date Of Payment | Amount |
|---|---|---|
| SBIN 322119647725 | 29.04.2022 | 142900/- |
| SBIN 322166282289 | 15.06.2022 | 62000/- |
| TR 724590 | 23.03.2023 | 12000/- |
| TR 724592 | 23.03.2023 | 69100/- |
| TR 724629 | 31.03.2023 | 18130/- |
| TOTAL | | **304139/-** |

മേൽ പദ്ധതിക്കായി കെൽട്രോണിന് നൽകിയതുൾപ്പെടെ ഇതുവരെ 304139/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഹരിതമിത്രം എന്ന പേരിൽ ആരംഭിച്ച പ്രസ്തുത പദ്ധതിയുടെ സംയോജനത്തിനായി കെൽട്രോൺ പദ്ധതി നിർവഹണത്തിന്റെ ഭാഗമായിരുന്നു. പ്രസ്തുത പദ്ധതിക്കായി പണം ചെലവഴിച്ച് നാളിതുവരെയായിട്ടും പദ്ധതി നിർവ്വഹണത്തിൽ എത്തിക്കാണുന്നില്ല. ഹരിത കർമ്മ സേന വഴി വീടുകളിൽ നിന്നും വ്യാപാരസ്ഥാപനങ്ങളിൽ നിന്നും യൂസർഫീ വാങ്ങി മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനും ആയത് മോണിറ്റർ ചെയ്യുന്നതിനുമാണ് പ്രധാനമായും പദ്ധതി ലക്ഷ്യമിടുന്നത്. ഇതിനായി വിവിധ വാർഡുകളിൽ നിന്ന് മാലിന്യങ്ങൾ ശേഖരിക്കുന്നതിന് ഒരു വാർഷിക ചാർട്ട് തയ്യാറാക്കേണ്ടതുണ്ട്. അത് പ്രകാരം ഓരോ മാസവും ശേഖരിക്കേണ്ട മാലിന്യങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ എംസിഎഫിൽ ആവശ്യമായ സൗകര്യമില്ലാത്തത് പദ്ധതിയുടെ പോരായ്മയായാണ് കാണുന്നത്. ഏതാനും വീടുകളിലും സ്ഥാപനങ്ങളിലും QR Code പതിച്ചതിന്റെ വേതനം നൽകിയതൊഴികെ പഞ്ചായത്ത് പരിധിയിലെ വാർഡുകളിൽ ആകെ എത്ര വീടുകളും സ്ഥാപനങ്ങളുമാണുള്ളതെന്നും അവയിൽ എത്ര സ്ഥാപനങ്ങൾക്കാണ് നിലവിൽ കോഡ് പതിച്ച് ലിങ്ക് ചെയ്തതെന്നും വ്യക്തമല്ല 1300 ക്യൂ.ആർ കോഡുകളാണ് നിലവിൽ സ്റ്റോക്കിലുള്ളത്. മേൽപ്പറഞ്ഞ വിഷയത്തിൽ ഹെൽത്ത് ഓഫീസറിൽ നിന്നും നിലവിലെ പദ്ധതിയുടെ അവസ്ഥ സംബന്ധിച്ച് മറുപടി ലഭ്യമായിട്ടില്ല. പ്രസ്തുത പദ്ധതിയുടെ പ്രവർത്തനം തുടരുന്നുണ്ടോയെന്ന വിവരവും പദ്ധതിയുടെ നിലവിലെ അവസ്ഥയും അറിയിക്കേണ്ടതാണ്.

## 1-46 റൂഫിങ്ങ് ഷീറ്റ് - പ്രവൃത്തി നിർവ്വഹണത്തിൽ കണ്ട ന്യൂനതകൾ

| | |
|---|---|
| പ്രോജക്ടിന്റെ പേര് വിവരം | എസ്.184/23<br>വി.ഇ.ഒ., കൃഷി ഓഫീസിന്റെ മുൻഭാഗം ഷീറ്റഡ് റൂഫ് നിർമ്മാണം. |

| | | |
|---|---|---|
| അടങ്കൽ | 600,000/- 400000/-പ്ലാൻഫണ്ട്, 200000/-(തനത്ഫണ്ട്) | |
| ചെലവഴിച്ചത് | 478022/- | TRN 221101000000029579 തീ. 17.03.2023 - 400000/- |
| | | Ch.No.6279532 തീ. 24.03.2023 – 78022/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി. എഞ്ചിനീയർ | |
| കരാറുകാരൻ | ശ്രീ റോഷൻ സെബാസ്റ്റ്യൻ | |
| എഗ്രിമെന്റ് | 30/എഇ/എൽഎസ്ജിഡി/സിഎച്ച്.ആർ/2022-23/31.1.2023 | |
| എം ബുക്ക് | 101878/22 | |

അസിസ്റ്റന്റ് എൻജിനീയർ 2022-23 ൽ നടപ്പിലാക്കിയ വി.ഇ.ഒ,കൃഷി ഓഫീസിന്റെ മുൻവശത്തെ റൂഫിൽ ഷീറ്റ് സ്ഥാപിക്കുന്നതാണ്( ലീൻടു റൂഫായി ) പ്രവൃത്തി. പദ്ധതിയുടെ അളവ് പുസ്തകം ഇനം ക്രമം 1.005 (OD310305/2022-23) പ്രകാരം അലുമിനിയം പ്രൊഫൈൽ ഷീറ്റ് (0.46എം.എം) സ്ഥാപിക്കുന്നതിന് 203.298 Sqmt ന് 694/- രൂപ നിരക്കിൽ 141088.81 രൂപയാണ് അനുവദിച്ചത്. പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് നിരക്ക് Sqft ന് 775.41 രൂപയാണ്. കരാറുകാരൻ ക്വോട്ട് ചെയ്ത എസ്റ്റിമേറ്റിന്റെ 10.5% ബിലോ റേറ്റിലാണ് (694/-) പ്രവൃത്തി ചെയ്തിട്ടുള്ളത്. എന്നാൽ മേൽ പറഞ്ഞ ഇനം പ്രവൃത്തിക്ക് GI പൗഡർ കോട്ടഡ് ട്രഫോഡ് ഷീറ്റ്(0.35mm) ഉപയോഗിച്ചിരുന്നെങ്കിൽ ഇതേ പ്രവൃത്തി കുറഞ്ഞ നിരക്കിലും ഈട് നിൽക്കുന്ന രീതിയിലും ഉറപ്പിലും ചെയ്യാമെന്നിരിക്കെ വില കൂടിയതും ബലംകുറഞ്ഞതുമായ മെറ്റീരിയൽ തിരഞ്ഞെടുത്തതിന്റെ കാരണം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം.42/19.07.23) ക്കുള്ള മറുപടിയിൽ (27.07.23) പ്രസ്തുത പ്രവൃത്തിക്ക് TS ലഭിച്ചിട്ടുണ്ടെന്നും കൂടാതെ ടി ഷീറ്റ് മെയിന്റനൻസ് കുറഞ്ഞതും ബലമുള്ളതുമാണ് എന്നാണ് അറിയിച്ചത്. ടി മറുപടി തൃപ്തികരമല്ല. കുറഞ്ഞ നിരക്കിൽ ഇതേ പ്രവൃത്തി ഇതേ ആവശ്യത്തിന് നടക്കുമെന്നിരിക്കെ ഇനം തിരഞ്ഞെടുത്തവരും TS നൽകിയവരും അധിക ചെലവിന് ബാധ്യസ്ഥരാകുന്നതാണ്. ഒരിക്കൽ ഘടിപ്പിച്ചാൽ സാധാരണയായി ഷീറ്റുകൾക്ക് മെയിന്റനൻസ് ചെയ്യാറില്ല. GI – യേക്കാൾ ബലം കുറവ് അലുമിനിയത്തിനാണ്.

ഗ്രാമപഞ്ചായത്തുകളിൽ വിവിധ ട്രസ് വർക്ക്, ഷീറ്റിടൽ പ്രവൃത്തികൾക്കായി 2022-23 സാമ്പത്തിക വർഷം ഒബ്സർവ്ഡ് ഡേറ്റയായി(OD 243192/2022-23) Roofing With GI Hardcolour Powder Coated Traffod Sheet 0.35mm Thickness ഉപയോഗിക്കുന്നതിനുള്ള നിരക്ക് 675.73രൂപയാണ്. കരാറുകാരന്റെ ഓഫർപ്രകാരമുള്ള 10.5% ബിലോ റേറ്റ് പ്രകാരം 604.82 രൂപയേ നൽകേണ്ടിവരുമായിരുന്നുള്ളൂ. അപ്രകാരം പ്രസ്തുത ഇനം പ്രവൃത്തിക്ക് 122959/- രൂപയേ ആകുമായിരുന്നുള്ളൂ. മേൽ പ്രവൃത്തിയിൽ ഇനം തെരഞ്ഞെടുത്തതിൽ വന്ന വ്യത്യാസത്താലാണ് അധിക നിരക്ക് അനുവദിക്കേണ്ടിവന്നതെന്ന ഓഡിറ്റ് നിരീക്ഷിക്കുന്നു. പ്രവൃത്തി കഴിഞ്ഞ് ഏകദേശം നൂറ് ദിവസത്തോളമായപ്പോൾ തന്നെ ഷീറ്റിന്റെ ഒരു ഭാഗം വളഞ്ഞ് ഒടിഞ്ഞ് ദ്വാരം വന്നിട്ടുള്ളതായി കണ്ടെത്തി. ഉറപ്പ് കുറഞ്ഞ ഷീറ്റുകൾക്കാണ് സാധാരണയായി ഇപ്രകാരം കാണാറുള്ളത്. പ്രസ്തുത ഷീറ്റിന്റെ കനം പുനഃപരിശോധിക്കേണ്ടതാണ്. ഷീറ്റിന് വന്ന കേടുപാടുകൾ പരിഹരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

1-47 കണ്ണംകുളം ക്ഷേത്രക്കുളം പുനരുദ്ധാരണ പദ്ധതി നിർവ്വഹണത്തിൽ ന്യൂനതകൾ.

പ്രോജക്ട് നമ്പർ - 53/23

പദ്ധതി - കണ്ണംകുളം പുനരുദ്ധാരണം

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

ചെലവ്

| ബിൽ നം./വൗച്ചർ/ചെക്ക് നം. | തീയതി | തുക |
|---|---|---|
| TR No.221101000000024074 | 30.01.2023 | 2049900 |
| XVFC/2022-23/P-18 | 29.11.2022 | 1831462 |
| ,, | 29.11.2022 | 10000000 |
| 24074 | 30.01.2023 | 1240000 |

ചേരാനല്ലൂർ ഗ്രാമപഞ്ചായത്തിൽ കൊച്ചിൻ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള ചിറ്റൂർ ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിന്റെ ഉടമസ്ഥതയിലുള്ള കുളം നവീകരിക്കുന്നതിനും ചെളി നീക്കം ചെയ്ത് സൈഡ് ബണ്ട് കെട്ടുന്നതും ആണ് പദ്ധതി. ഇതോടൊപ്പം വൈദ്യുതി വിളക്കുകൾ, വാക്ക് വേ, ഓഡിറ്റോറിയം, ജിം, ഗാർഡൻ എന്നിവയും പദ്ധതിയിലുണ്ട്. കൊച്ചിൻ കോർപ്പറേഷനിൽ നിന്നും അർബൻ അഗ്ലോമറേഷൻ ഫണ്ടായി ലഭിച്ച ഒരു കോടി രൂപ, തനത് ഫണ്ട് പതിമൂന്ന ലക്ഷം, ധനകാര്യ

കമ്മീഷൻ ടൈഡ് ഫണ്ട് 1831462/-, പ്ലാൻ ഫണ്ട് 2049900/- (ആകെ 15181362/-) രൂപയുമാണ് ഓഡിറ്റ് വർഷം പ്രസ്തുത പുനരുദ്ധാരണ പ്രവർത്തിക്കായുള്ള അടങ്കൽ തുക. ഡെപ്പോസിറ്റ് പ്രവർത്തിയായാണ് പദ്ധതി നിർവ്വഹണം. മൈനർ ഇറിഗേഷൻ വകുപ്പാണ് പദ്ധതിയുടെ നിർവഹണം ഏറ്റെടുത്തിട്ടുള്ളത്. ഇറിഗേഷൻ വകുപ്പിന്റെ എസ്റ്റിമേറ്റിനോടൊപ്പം സെന്റേജ് ചാർജായി 13.7 ശതമാനം കൂടി ജലസേചന വകുപ്പിന് അടവാക്കിയിട്ടുണ്ട്.

മേൽ പദ്ധതി ഫയലിൽ കണ്ട ന്യൂനതകൾ താഴെ ചേർക്കുന്നു.

1) പ്രവൃത്തി ഏൽപ്പിച്ച മൈനർ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റുമായി കരാർ ചമിച്ചിട്ടില്ല. 2-11-2022ലെ, 200/-രൂപയുടെ ബ്ലാങ്ക് മുദ്രപത്രം ആണ് ഫയലിൽ ഉള്ളത് .

2) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്ന ഭൂമിയുടെ ഉടമസ്ഥാവകാശമുള്ള ദേവസ്വം ബോർഡുമായി പഞ്ചായത്ത് കരാർ ചമച്ചുകാണുന്നില്ല. ദേവസ്വം ബോർഡിൽ നിന്നും ഉള്ള ഒരു നോൺ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് മാത്രമാണ് ഫയലിൽ ഉള്ളത്. 02.06.2009 -ലെ ദേവസ്വം ബോർഡിന്റെ ഉത്തരവിൽ ടി പദ്ധതി നടന്നശേഷം പഞ്ചായത്തിന് ടി കുളത്തിന്മേൽ യാതൊരുവിധ അധികാരവും അവകാശങ്ങളും ഉണ്ടായിരിക്കില്ല എന്ന് ഉത്തരവുണ്ട്. 21.03.2022 -ലെ ആർ 7256/2020 നം., ഉത്തരവിലും 10.2.2023 ന് ദേവസ്വം ബോർഡ് നൽകി എൻ.ഒ.സി.യിലും പ്രവൃത്തി ചെയ്യാനുള്ള അനുമതി മാത്രമാണ് നൽകിയിട്ടുള്ളത്.

3) സെക്രട്ടറി കോർപ്പറേഷന് നൽകിയ 31.10.2022-ലെ ധനവിനിയോഗ സാക്ഷ്യപത്രത്തിൽ ഒരു കോടി രൂപ ചെലവഴിച്ചതായി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മൈനർ ഇറിഗേഷനിൽ നിന്നും ഇപ്രകാരമുള്ള ഒരു പ്രവൃത്തി നടന്നത് സംബന്ധിച്ച വിശദാംശങ്ങൾ ഇല്ലാതെ എപ്രകാരമാണ് ടി സാക്ഷ്യപത്രം ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയത് എന്ന് വ്യക്തമല്ല. കൂടാതെ ഒരു കോടി രൂപയുടെ പ്രവർത്തി നടന്നത് സംബന്ധിച്ച് രേഖകൾ ഒന്നും തന്നെ ഫയലിലില്ല.

4) കുടിവെള്ള സ്രോതസ്സായി പ്രസ്തുത പദ്ധതി ഉപയോഗിക്കുന്നതിന് പദ്ധതിയുണ്ടെങ്കിൽ എത്രകാലത്തേക്കാണ് കരാർ എന്നോ പ്രതിദിനം എത്ര കിലോ ലിറ്റർ വെള്ളം എടുക്കുന്നതിനാണ് കരാർ എന്നോ, എത്രപേർക്കാണ് വെള്ളം നൽകുവാൻ ഉദ്ദേശിക്കുന്നത് എന്നോ, എത്ര എച്ച്.പി.മോട്ടോർ സ്ഥാപിക്കാമെന്നോ, തുടങ്ങിയ കാര്യങ്ങളിൽ എന്തെങ്കിലും വ്യവസ്ഥ ചെയ്തിട്ടുണ്ടോ എന്നും, വ്യക്തമല്ല. ഭീമമായ തുക പദ്ധതിക്കായി ചെലവ് ചെയ്യുന്നതിനാൽ കൃത്യമായി നിബന്ധനകളോടെയും നിശ്ചയങ്ങളോടെയും കരാർ ചമക്കേണ്ടതായിരുന്നു.

5) ഫയലിലുള്ള ജനറൽ എസ്റ്റിമേറ്റിൽ കുളം നവീകരണത്തിനായി ഒരു കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഇതിന് പുറമേ ഫേസ് 2 എസ്റ്റിമേറ്റിൽ വരുന്നത് വാർഡ് നാലിൽ ഭഗവതി ടെമ്പിൾ പാർശ്വ ഭിത്തി കെട്ടൽ, ഓപ്പൺ എയർ ഓഡിറ്റോറിയം, ജിം, ഗാർഡൻ എന്നിവയാണ്. പ്രസ്തുത പദ്ധതിയുടെ നിലവിലെ അവസ്ഥയും ചെലവാക്കിയ തുകയും ഡെപ്പോസിറ്റ് നൽകിയതിൽ തുകയും ആകെ ചെലവാക്കിയ തുകയും ശേഷിക്കുന്ന പ്രവൃത്തി സംബന്ധിച്ച വിവരവും ഫയലിൽ നിന്നും വ്യക്തമല്ല.

6) കെ.എസ്.ഇ.ബി, കെ.ഡബ്ല്യു.എ, പൊതുമരാമത്ത് വകുപ്പ് എന്നിവ എറ്റെടുത്ത് നടത്തുന്ന പ്രവൃത്തികൾക്ക് എൽ.എസ്.ജി.ഡി. അടവാക്കേണ്ടത് 10% സെന്റേജ് ചാർജാണ്. ജലസേചന വകുപ്പിന് ഉയർന്ന നിരക്കിലുള്ള സെന്റേജ് ചാർജാണ് നൽകിയിട്ടുള്ളത്. ഇപ്രകാരം നൽകിയ നടപടി ശരിയാണോയെന്ന് പരിശോധിക്കേണ്ടതും സ്പഷ്ടീകരണം തേടാവുന്നതും നിയമാനുസൃതമായതിലധികമായ നിരക്കാണ് നൽകിയതെങ്കിൽ ആയത് തീരിച്ച് ഈടാക്കേണ്ടതുമാണ്.

മേൽ പരാമർശങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.42/19.7.2023.) മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതിനിർവ്വഹണത്തിൽ കണ്ട അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

1-48 എസ്.എസ്.കെ. പദ്ധതി - വിനിയോഗ വിവരങ്ങൾ ലഭ്യമായിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ് നമ്പർ | 72/23 |
| അടങ്കൽ | 700000/-(വികസനഫണ്ട്-ജനറൽ) |
| ചെലവ് | 700000/- |
| ബിൽ നം. | 100692799/26.10.22 |

പഞ്ചായത്ത് പരിധിയിലെ സ്കൂളുകളുടെ പ്രവർത്തനങ്ങൾക്കാവശ്യമായ തുകയുടെ പഞ്ചായത്തു വിഹിതം മേൽ ബിൽ മുഖാന്തരം എസ്.എസ്.കെ.യ്ക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ ഈ തുക ഏതെല്ലാം ആവശ്യങ്ങൾക്ക് ഉപയോഗിച്ചു എന്നതു സംബന്ധിച്ച വിവരങ്ങൾ അടങ്ങിയ വിശദമായ വിനിയോഗ വിവരം ലഭ്യമല്ല.

പദ്ധതി പ്രവർത്തനത്തിന്റെ മോണിറ്ററിംഗ് ചുമതലകൾ നിർവ്വഹിക്കുന്നതിൽ വർക്കിംഗ് ഗ്രൂപ്പ്, വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവർ പങ്കുവഹിച്ചതായി കാണുന്നില്ല. സർക്കാർ മാർഗ്ഗരേഖ [സ.ഉ.(കൈ)നം.84/22/തസ്വഭവ., തീ.19.01.2022] പ്രകാരം എസ്.എസ്.കെ.യ്ക്ക് സർക്കാർ നിശ്ചയിച്ച തുക

വകയിരുത്തണമെങ്കിലും പദ്ധതികളുടെ കർമ്മ പരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പൂർണ്ണ പങ്കാളിത്തത്തോടെ ആയിരിക്കേണ്ടതാണ്. പദ്ധതി പൂർത്തീകരണത്തിന് ശേഷം ഓരോ സ്കൂളിലും നടന്ന പ്രവർത്തനങ്ങൾ/പരിപാടികൾ എന്തൊക്കെയാണെന്ന വിവരങ്ങൾ എസ്.എസ്.കെ. ഡയറക്ടർ തദ്ദേശഭരണ സ്ഥാപനത്തിന് നൽകേണ്ടതുമാണ്. എന്നാൽ അത്തരത്തിലുള്ള പ്രവർത്തനം ഉണ്ടായിട്ടില്ല. ഗ്രാമപഞ്ചായത്തിലെ സ്കൂളുകൾക്കാവശ്യമായ പദ്ധതികൾ എസ്.എസ്.കെ. പദ്ധതിയിലേയ്ക്ക് ഗ്രാമപഞ്ചായത്ത് ശുപാർശ ചെയ്തിട്ടില്ല. വിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കേണ്ട പദ്ധതികൾ സംബന്ധിച്ച് അവസ്ഥാവിശകലനം നടത്താതെയും നിർദ്ദേശങ്ങൾ നൽകാതെയുമാണ് തുക കൈമാറിയിട്ടുള്ളത്. ഈ തുക ഏതെല്ലാം രീതിയിലാണ് പഞ്ചായത്ത് പരിധിയിൽ ഉപയോഗപ്രദമാക്കിയതെന്നും 2022-23 -ലെ വിശദമായ വിനിയോഗ വിവരങ്ങളും ലഭ്യമാക്കേണ്ടതാണ്. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നത് വരെ 700000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-49 വിനിയോഗ വിവരം (ഐ.കെ.എം) ലഭ്യമാക്കിയിട്ടില്ല.

ഐ.കെ.എം -ന് പഞ്ചായത്ത് വിഹിതമായി നൽകിയ താഴെ ചേർക്കുന്ന തുകയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| പ്രൊജക്ട് നം. | 84/23 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| ബിൽ നം.,തിയ്യതി | 100709289/29.10.2022 |
| തുക | 64143/- |

തുക അടവാക്കിയതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. 64143/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ആയത് ലഭ്യമാകുന്ന മുറക്ക് അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 സ്റ്റുഡന്റ് പോലീസ് കേഡറ്റ് -അധിക ധനസഹായം

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ, ഗവ. എൽ.പി. സ്കൂൾ |
| പ്രൊജക്ട് നമ്പർ/പേര് | 58/23<br>അൽ ഫാറൂഖ്യ സ്കൂളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റിന് ധനസഹായം |
| അടങ്കൽ | 50000/- തനത് ഫണ്ട് |
| ചെലവ് | 50000/- തനത് ഫണ്ട് |
| ബിൽ നം | 33/ 13.06.22, ചെക്ക് നം.236200 തീ. 15.06.2022 |

മേൽ പദ്ധതി പ്രകാരം ചേരാനെല്ലൂർ അൽ ഫാറൂഖ്യ HSS ലെ സ്റ്റുഡന്റ് പോലീസ് കേഡറ്റ് യൂണിറ്റിന്റെ ചെലവുകൾക്കായി ₹50000/- ചെലവാക്കിയിട്ടുണ്ട്. പദ്ധതി മാർഗ്ഗരേഖ പ്രകാരം (7.4.4) SPCപരിശീലനത്തിന് വേണ്ടി വരുന്ന തുകയിൽ പോലീസ് വകുപ്പിൽ നിന്ന് ലഭ്യമാകുന്നത് കിഴിച്ചുള്ള തുക പരമാവധി ഒരു സ്കൂളിന് ₹20000/- വരെ മാത്രമാണ് അനുവദനീയമായിട്ടുള്ളത്. സ്റ്റുഡന്റ് പോലീസ് കേഡറ്റ് യൂണിറ്റിന്റെ ആകെ ചെലവ് വിവരങ്ങൾ മാത്രമാണ് ലഭ്യമാക്കിയത്. എന്നാൽ പോലീസ് വകുപ്പിൽ നിന്ന് ലഭ്യമായ തുകകളുടെ വിവരങ്ങൾ ലഭ്യമാക്കിയില്ല. കൂടാതെ ഒരു സ്കൂളിന് അനുവദനീയമായ പരമാവധി തുകയേക്കാൾ അധികമായി 30000/- രൂപ നൽകിയതായും കാണുന്നു. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (40/19.07.23) മറുപടി ലഭ്യമാക്കിയില്ല. അനുവദനീയമായ പരമാവധി തുകയേക്കാൾ അധികമായി തുക നൽകിയ ₹30000/- നിരാകരിക്കുന്നു. സബ്സിഡി മാർഗ്ഗരേഖ അധികരിച്ച് നൽകിയ 30000/- രൂപ തിരികെ ഈടാക്കേണ്ടതാണ്.

### 3-2 ദിവസവേതന വ്യവസ്ഥയിൽ നിയമിതനായ ഓവർസിയർക്ക് അധിക നിരക്കിൽ വേതനം അനുവദിച്ചു

ദിവസവേതന ജീവനക്കാരുടെ വേതനം വർദ്ധിപ്പിച്ചു കൊണ്ടുള്ള സർക്കാർ ഉത്തരവ് (സ.ഉ (പി)നം-29/21/ധന, തീയതി-11.02.21, കാറ്റഗറി-3) പ്രകാരം ഓവർസിയർക്ക് അനുവദിക്കാവുന്ന ദിവസവേതനം 755/-രൂപയും പ്രതിമാസ വേതനപരിധി 20385/-രൂപയുമാണ്. എന്നാൽ അസിസ്റ്റന്റ് എൻജിനീയറുടെ കാര്യാലയത്തിൽ ദിവസവേതന വ്യവസ്ഥയിൽ നിയമിതനായ ആഷിക്.കെ.എ. എന്ന ഓവർസിയർക്ക് 2022 മാർച്ച് മാസത്തെ ശമ്പളമിനത്തിൽ 740/- രൂപ നിരക്കിൽ 30 ദിവസത്തേക്ക് 22200/-രൂപ അനുവദിച്ചിട്ടുണ്ട് (വൌച്ചർ നം-22206064/01.04.2022) 740/-രൂപ എന്ന നിരക്ക് മേൽ സർക്കാർ ഉത്തരവിൽ പ്രതിപാദിച്ചിട്ടില്ല. 755/-രൂപ നിരക്കിൽ ടിയാന് അർഹമായ വേതനം 22650/-രൂപയാണെങ്കിലും പ്രതിമാസപരിധി 20385/-രൂപയാണെന്നതിനാൽ 1815/-രൂപ അധികമായി അനുവദിച്ചിട്ടുണ്ട്. അപാകതയ്ക്ക് വിശദീകരണമാവശ്യപ്പെട്ടതിന് (എൻക്വയറി.നം-10/12.07.23) മറുപടി നൽകിയില്ല. സർക്കാർ ഉത്തരവിന് വിരുദ്ധമായി അധികമായി അനുവദിച്ച 1815/-രൂപ ടിയാനിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

| സാമ്പത്തിക വർഷം | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|
| 2022-23 | വാർഷിക ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയത്. ഓഡിറ്റ് സർട്ടിഫിക്കറ്റ് ഖണ്ഡിക 1-1 മുതൽ 1-1-8 വരെ ഭാഗങ്ങളായി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | തൻവർഷം ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 5,00,000 | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 5,00,000 | 0 |
| | 2022-23 | 1,00,000 | കട്ടിൽ വിതരണം | 1,00,000 | 0 |
| | 2022-23 | 3,00,000 | ഭിന്നശേഷിക്കാർക്ക് ഉപകരണം | 3,00,000 | 0 |
| | 2022-23 | 36,700 | പാലിന് സബ്സിഡി | 36,700 | 0 |
| | 2022-23 | 4,39,960 | ക്യാമറ നെറ്റ് വർക്കിംഗ് | 4,39,960 | 0 |
| | 2022-23 | 10,00,000 | ലൈഫ് ഭവനം -മൂന്നാം ഘട്ടം | 10,00,000 | 0 |
| | 2022-23 | 56,360 | വലിയപറമ്പ് റോഡ് കോൺക്രീറ്റിംഗ് | 56,360 | 0 |
| | 2022-23 | 4,55,000 | ലൈഫ് ഭവനനിർമാണം | 4,55,000 | 0 |
| | ആകെ | 28,88,020 | | 28,88,020 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 1,77,500 | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 1,77,500 | 0 |

| | | | | | |
|---|---|---|---|---|---|
| | 2022-23 | 1,74,424 | കറുപ്പൻ റോഡ് ടൈൽ വിരിക്കൽ | 1,74,424 | 0 |
| | 2022-23 | 3,88,276 | കർഷക റോഡ് കാന നിർമാണം | 3,88,276 | 0 |
| | 2022-23 | 3,90,040 | കപ്പേള റോഡ് മെയിന്റനൻസ് | 3,90,040 | 0 |
| | 2022-23 | 8,05,426 | രേവതി റോഡ് കാനനിർമാണം | 8,05,426 | 0 |
| | 2022-23 | 8,93,198 | പള്ളാശേരി റോഡ് സൈഡ്നിർമാണം | 8,93,198 | 0 |
| | 2022-23 | 9,31,351 | കറുപ്പൻ റോഡ് ബ്യൂട്ടിഫിക്കേഷൻ | 9,31,351 | 0 |
| | 2022-23 | 9,45,345 | മാട്ടമ്മൽ റോഡ് ടൈൽ വിരിക്കൽ | 9,45,345 | 0 |
| | 2022-23 | 12,90,958 | റോട്ടറി റോഡ് അറ്റകുറ്റപ്പണി | 12,90,958 | 0 |
| | ആകെ | 59,96,518 | | 59,96,518 | 0 |
| മൈനർ ഇറിഗേഷൻ വകുപ്പ് | 2022-23 | 1,00,00,000 | കണ്ണൻ കുളം ക്ഷേത്രം പുനരുദ്ധാരണം | 1,00,00,000 | 0 |

എ)ബ്ലോക്ക് പഞ്ചായത്ത് വിഹിതം-വാർഷികകണക്ക് പ്രകാരം 24,48,060/-രൂപ. വ്യത്യാസം-439960/-രൂപ. ഈ തുകയുടെ (ക്യാമറ നെറ്റ് വർക്കിംഗ്) ചെലവ് ജേർണൽ അഡ്ജസ്റ്റ്മെന്റ് വഴിയാണ് വാർഷികകണക്കിൽ പെടുത്തിയുള്ളത്.

ബി)ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി മുന്നിരിപ്പായുള്ള തുകകളും {1037434/- (ഹെഡ്-320700104) 462239/- (ഹെഡ്-320700204)} ജില്ല പഞ്ചായത്ത് വിഹിതമായി മുന്നിരിപ്പായുള്ള 5500/-രൂപയും (ഹെഡ്-320700205) തൻവർഷവും ചെലവഴിക്കപ്പെടാതെ ബാധ്യതയായി B-4 ഷെഡ്യൂളിൽ അവശേഷിക്കുന്നു.വിനിയോഗിക്കുവാൻ കഴിയുന്നില്ലായെങ്കിൽ മേൽ തുകകൾ പ്രസ്തുത സ്ഥാപനങ്ങളിലേയ്ക്ക് തിരികെ അടവാക്കേണ്ടതാണ്.

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് താഴെപ്പറയും പ്രകാരം മുൻകൂർ തുക നൽകിയിട്ടുണ്ട്.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ,തിയതി | മുൻകൂർ നൽകിയ തുക | ചെല വഴിച്ച തുക | ചെലവഴിക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|
| കേരള ഇലക്ട്രിസിറ്റി ബോർഡ് | സ്ട്രീറ്റ് ലൈൻ നീട്ടൽ – 199/23 | 400/30.3.2023 | 512200 | 0 | 512200 |
| | സ്ട്രീറ്റ് ലൈൻ നീട്ടൽ – 10/23 | 64/26.08.2022 | 1087375 | 0 | 1087375 |
| | പോസ്റ്റ് ഷിഫ്റ്റിംഗ് 195/23 | 112/24.11.2022 | 500000 | 0 | 500000 |
| | ആകെ | | 2099575 | 0 | 2099575 |
| കേരള വാട്ടർ അതോറിറ്റി | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ - 15/23 | 25/08.06.2022 | 300000 | 0 | 300000 |
| | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ - 112/23 | വൌച്ചർനം:22201505/09.12.22 | 155000 | 0 | 155000 |
| | ആകെ | | 455000 | 0 | 455000 |
| പി.ഡബ്ല്യു.ഡി ഇലക്ട്രിക്കൽ വിംഗ്, തൃശ്ശൂർ | ക്യാമറ നെറ്റ് വർക്കിംഗ്- 6/23 | 112/24.11.2022 | 439960 | 0 | 439960 |

മേൽ ചെലവുകളെല്ലാം ജേർണൽ മുഖേന വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുക നൽകിയിട്ടില്ല.

### 4-5 വായ്പ / വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കുവാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര് /ഉദ്ദേശ്യം | ഉത്തരവ് നം.,തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കുവാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| HUDCO ലൈഫ് ഭവനപദ്ധതി | സ.ഉ (സാധാ.) 124/18, ത.സ്വ.ഭ.വ 11.09.2018 | 991598 | 199598 | 199598* | | 0 |

പൊതുവിഭാഗം വികസന ഫണ്ട്, പ്രത്യേക ഘടകപദ്ധതി വിഹിതം എന്നിവയുടെ സ്രോതസ്സിൽ നിന്നാണ് വായ്പ തിരിച്ചടവ് തുക കുറച്ച് വരുന്നത്. ഓഡിറ്റ് വർഷം സ്രോതസിൽ നിന്നും 529045/-രൂപ കുറവ് ചെയ്തിട്ടുണ്ട്. 329447/-രൂപ അധികമായി കുറവ് ചെയ്തത് അധികൃതരുടെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. (ഓഡിറ്റ് എൻക്വയറിനം-2/10.07.23 )

### 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന നിക്ഷേപം | 1,10,18,855 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| പലിശ ലഭിച്ചത് | 7,78,389 |
| ആകെ | 1,17,97,244 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1,17,97,244 |

(ചേരാനെല്ലൂർ സർവീസ് സഹകരണ ബാങ്ക്- അക്കൗണ്ട് നം. 009655)

### 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 150/- രൂപയുടെ വിശദാംശങ്ങൾ താഴെ പറയുന്നു.

| റിപ്പോർട്ട് | ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/തീയതി |
|---|---|---|---|---|
| 2021-22 | 2-1 | 150 | ലിയോണി.പി.എ പാർട്ട് ടൈം സ്വീപ്പർ, ഗവ.ഹോമിയോ ഡിസ്പെൻസറി ചേരാനല്ലൂർ | 1 |

### 4-8 ചാർജ് – സർചാർജ് നടപടികളുടെ വിവരം

ഇല്ല

### 4-9 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-02 | 5 | 2003-04 | 3.7.10.1 | തെരുവ് വിളക്കുകൾ വാങ്ങിയതിൽ സംഭവിച്ച നഷ്ടം | ഉത്തരവാദിയായ എൽസമ്മ കൊയലോയുടെ DCRG യിൽ നിന്നും ഈടാക്കിയ 54,511/- പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് ഈടാക്കണമെന്ന് |

| | | | | | |
|---|---|---|---|---|---|
| | | | | | കാണിച്ച് പലതവണ ട്രഷറിയിൽ കത്ത് നല്കിയിട്ടുണ്ടെങ്കിലും നാളിതുവരെ അതിൻമേൽ ഒരു നടപടിയും ഉണ്ടായിട്ടില്ല. |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 7,22,23,206 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 7,10,43,256 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 31,815 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 39,82,484 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | 0 | 30000 | ശ്രീമതി. ബീന ടി.കെ, ഹെഡ്മിസ്ട്രസ് |
| 3-2 | 0 | 1815 | ശ്രീ.വി.പി. ഉണ്ണിക്കൃഷ്ണൻ, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 170103 | ഡോ.സുധീഷ്<br>മെഡിക്കൽ ഓഫീസർ (എഫ് .എച്ച്. സി.) |
| 1-21 | 19604 | ശ്രീ.വി.പി.ഉണ്ണിക്കൃഷ്ണൻ,<br>സെക്രട്ടറി, ചേരാനല്ലൂർ ഗ്രാമപഞ്ചായത്ത് |
| 1-22 | 90375 | ശ്രീ.വി.പി.ഉണ്ണിക്കൃഷ്ണൻ,<br>സെക്രട്ടറി, ചേരാനല്ലൂർ ഗ്രാമപഞ്ചായത്ത് |
| 1-25 | 63700 | ശ്രീ.മനു.ടി.പി, അസിസ്റ്റന്റ് സെക്രട്ടറി<br>ചേരാനല്ലൂർ ഗ്രാമപഞ്ചായത്ത് |
| 1-26 | 42750 | ശ്രീ. മനു.ടി.പി, അസിസ്റ്റന്റ് സെക്രട്ടറി<br>ചേരാനല്ലൂർ ഗ്രാമപഞ്ചായത്ത് |
| 1-33 | 300000 | ഡോ.അമ്പിളി.കെ.എസ്<br>മെഡിക്കൽ ഓഫീസർ, ഹോമിയോ |
| 1-34 | 2054575 | ശ്രീ.വി.പി.ഉണ്ണിക്കൃഷ്ണൻ,<br>സെക്രട്ടറി, ചേരാനല്ലൂർ ഗ്രാമപഞ്ചായത്ത് |
| 1-38 | 396576 | ശ്രീ.വി.പി.ഉണ്ണിക്കൃഷ്ണൻ,<br>സെക്രട്ടറി, ചേരാനല്ലൂർ ഗ്രാമപഞ്ചായത്ത് |
| 1-40 | 20658 | ശ്രീ.വി.പി.ഉണ്ണിക്കൃഷ്ണൻ,<br>സെക്രട്ടറി, ചേരാനല്ലൂർ ഗ്രാമപഞ്ചായത്ത് |
| 1-42 | 60000 | ശ്രീ.വി.പി.ഉണ്ണിക്കൃഷ്ണൻ,<br>സെക്രട്ടറി, ചേരാനല്ലൂർ ഗ്രാമപഞ്ചായത്ത് |
| 1-48 | 700000 | ശ്രീ.വി.പി.ഉണ്ണിക്കൃഷ്ണൻ,<br>സെക്രട്ടറി, ചേരാനല്ലൂർ ഗ്രാമപഞ്ചായത്ത് |
| 1-49 | 64143 | ശ്രീ.വി.പി.ഉണ്ണിക്കൃഷ്ണൻ,<br>സെക്രട്ടറി, ചേരാനല്ലൂർ ഗ്രാമപഞ്ചായത്ത് |
| ആകെ | 3982484 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന വ്യക്തമായ നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. ബീന .ടി.കെ, ഹെഡ്മിസ്ട്രസ് | വിരമിച്ചു | ശ്രീമതി. ബീന ടി.കെ, ആഞ്ഞിലിക്കാട്ട് ഹൗസ്, എടയകുന്നം, സൗത്ത് ചിറ്റൂർ (പി.ഒ) |

(എഫ്)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന തടസ്സത്തിനുത്തര വാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.വി.പി.ഉണ്ണികൃഷ്ണൻ, സെക്രട്ടറി | സെക്രട്ടറി, ചേരാനല്ലൂർ ഗ്രാമപഞ്ചായത്ത് | വാഴവെളിക്കകത്ത്, കെ.കെ.പി റോഡ്, അയ്യപ്പൻക്കാവ്, എറണാകുളം നോർത്ത് 682018 |
| ശ്രീ.മനു ടി.പി. അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി ചേരാനല്ലൂർഗ്രാമപഞ്ചായത്ത് | 47/KWRA, ഇരിങ്ങുരുത്ത്ഹൗസ്, കട്ടുംകമംഗലം, തിരുവാങ്കുളം.പി.ഒ |
| ഡോ. സുധീഷ് മെഡിക്കൽ ഓഫീസർ (എഫ് .എച്ച്. സി.) | മെഡിക്കൽ ഓഫീസർ (എഫ് .എച്ച്. സി.) ചേരാനല്ലൂർഗ്രാമപഞ്ചായത്ത് | ലക്ഷ്മി നിവാസ്, മത്തിപ്പറമ്പിൽ ലൈൻ, ഇന്ദിര ബൈ റോഡ്, ഇടപ്പള്ളി – 682024 |
| ഡോ.അമ്പിളി.കെ.എസ് മെഡിക്കൽ ഓഫീസർ, ഹോമിയോ | മെഡിക്കൽ ഓഫീസർ, ഹോമിയോ ചേരാനല്ലൂർഗ്രാമപഞ്ചായത്ത് | മന്നാലി ഹൗസ് പൂപ്പാനി റോഡ് പെരുമ്പാവൂർ |

4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| | |
|---|---|
| 2012-13 | എൽ.എഫ്.ഇ.(പി.10)484/14 തീയതി. 20.05.2014 |
| 2013-14 | എൽ.എഫ്.ഇ.(പി.10)1525/2015 തീയതി.10.09.2015 |
| 2014-15 | കെ.എസ്.എ-ഇ.കെ.എം(പി10)881/2016 തീ. 07.06.2016 |
| 2015-16 | കെ.എസ്.എ.-ഇ.കെ.എം.(പി.10)2016/16 തീ.13-12-2016 |
| 2016-17 | കെ.എസ് എ ഇ കെ.എം (പി10)1861/17/ 20.07-2017 |
| 2017-18 | കെ.എസ് എ ഇ കെ.എം (പി10)2198/18/ 06.02-2019 |
| 2018-19 | കെ.എസ് എ ഇ കെ.എം (പി10)1691/19/ 07.11-2019 |
| 2019-20 | കെ.എസ് എ ഇ കെ.എം (പി10)519/2021/31.03.21 |
| 2020-21 | കെ.എസ്.എ.-ഇ.കെ.എം (പി10) 1949/2021 തീയതി 08.03.2022 |
| 2021-22 | കെ.എസ്.എ.-ഇ.കെ.എം (പി10) 1729/2022 തീയതി 12.12.2022 |

തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം.

# Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 30-06-2023 and submitted on 01-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Cheranallur Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, the Annual Financial Statements give a true and fair view of the Financial result and Financial position of Cheranallur Grama Panchayat for the year 2022-2023

Date: 10/10/2023

Deputy Director
District Office Ernakulam
Kerala State Audit Department

## Audit Report appended to the Audit Certificate of Cheranallur Grama Panchayat for the Year 2022-2023.

**1.Major Observations**

**1.** Lack of free and independent access to Accounting and all other Softwares which have direct or indirect impact on financial reports and information

2.Lack of Panchayath Raj Budget rules adversely affecting budgetary control system.

3.The Asset value shown in Balance sheet is not traceable to Asset Register due to unsupported design of existing asset register.

4.Non inclusion of *Notes to accounts* in Financial statements and non disclosure of material facts.
5.Generation of financial reports showing contradictory information due to non integration of Accounting Software with other related softwares.

**2.Other Observations**

1.Cash Flow statement -Net increase/decrease in cash flow does not match withdifference between opening balance and closing balance of cash and cash equivalents.

2.Property Tax DCB in AFS is not in talley with the DCB in Sanchaya Statements

3.Non inclusion of ratios.

4. Provision For doubtful debt was not made

5.A difference of Rs.18932/- in Finance Commission Grant expenditure is seen deficit in the Sulekha statement than that in Appropriation Control Register.

6.Misclassification of Receipt Voucher (Regularisation Receipt)
7.Excess amount of Rs.329447/- is deducted at source for the LIFE housing Loan
8.A difference of Rs.80281/- in Development Grant General expenditure is seen deficit in the Sulekha statement than that in Appropriation Control Register.

Deputy Director

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ ചേരാനെല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്